**സബ്മിഷൻ**

1. സുഗന്ധഗിരിയിൽ പുനരധിവസിപ്പിച്ച പട്ടിക വിഭാഗക്കാർക്ക് പട്ടയം

ശ്രീ. ടി. സിദ്ദിഖ്: സർ, ഇന്ദിരാഗാന്ധി പ്രധാനമന്ത്രിയായിരുന്ന സമയത്ത് വയനാട്ടിൽ ആരംഭിച്ചതായ പദ്ധതിയാണ് 'കാർഡമം പദ്ധതി സുഗന്ധഗിരി' . അതിന്റെ ഭാഗമായി ഭൂമിയും പാർപ്പിടവും ഇല്ലാത്തതായിട്ടുള്ള പട്ടിക വിഭാഗങ്ങളെ പുനരധിവസിപ്പിക്കാൻ ആരംഭിച്ച പദ്ധതിയാണിത്. ഇതിലൂടെ 750-ഓളം വരുന്ന തൊഴിലാളികൾക്ക് അഞ്ചേക്കർ ഭൂമി വനാവകാശ നിയമപ്രകാരം നൽകുകയുണ്ടായി. അന്നവർക്ക് നൽകിയത് ഒരു കൈവശരേഖ മാത്രമാണ്. ഈ കൈവശരേഖ അച്ഛനും അമ്മയും മരിച്ചുകഴിഞ്ഞാൽ അവരുടെ മക്കളിലേയ്ക്ക് പകർന്നുനൽകാൻ യാതൊരു രീതിയിലുള്ള അവകാശവുമില്ല. കൂടാതെ അവരുടെ വിദ്യാഭ്യാസം, വിവാഹം, മറ്റ് കാർഷിക ആവശ്യങ്ങൾ, ദൈനംദിന കാര്യങ്ങൾ എന്നിവയ്ക്ക് ഒരു ലോണോ മറ്റോ എടുക്കാൻ കഴിയാത്ത ഗുരുതരമായ സാഹചര്യമാണ് നിലനിൽക്കുന്നത്. അനധികൃതമായ താമസക്കാരായി മക്കൾ താമസിക്കുന്ന നിരവധി വീടുകൾ ഈ സുഗന്ധഗിരി പ്രദേശത്ത് നിലനിൽക്കുകയാണ്. അതുകൊണ്ട് മക്കളിലേയ്ക്ക് ഈ അവകാശം

പകർന്നു നൽകാനാവശ്യമായിട്ടുള്ള നടപടിയും അതോടനുബന്ധിച്ച് ഇവർക്ക് സമ്പൂർണ്ണ അവകാശം നൽകുന്ന പട്ടയത്തിന്റെ സാധ്യതയും പരിശോധിക്കാനുള്ള നടപടിയും സ്വീകരിക്കണമെന്ന് വിനീതമായി അഭ്യർത്ഥിക്കുകയാണ്. അതോടൊപ്പം വൈത്തിരി താലൂക്ക് ഓഫീസ് സ്ഥിതിചെയ്യുന്ന കെട്ടിടത്തിന്റെ നിലവിലുള്ള സ്ഥിതി അതീവഗുരുതരമാണ്. സ്വാതന്ത്ര്യം കിട്ടുന്നതിനുമുമ്പുള്ള കെട്ടിടമായതിനാൽ അവിടം ചോർന്നൊലിക്കുകയും ഇലക്ട്രിസിറ്റി പോയിക്കഴിഞ്ഞാൽ റൂം മുഴുവൻ ഇരുട്ട് പടരുന്ന ഗുരുതരമായ സാഹചര്യവും നിലനിൽക്കുന്നു. ഇക്കാര്യത്തിനായി നിലവിൽ ഓർഡറായിക്കിടക്കുന്ന ഫണ്ടിനോടൊപ്പം ചെറിയൊരു ഫണ്ടുകൂടി വച്ചാൽ അവിടെയൊരു മിനി സിവിൽ സ്റ്റേഷൻ വരാനുള്ള സൗകര്യമുള്ളതിനാൽ അക്കാര്യവും അങ്ങയുടെ ശ്രദ്ധയിലുണ്ടാകണം. ഇത് അങ്ങേയ്ക്ക് അറിയാവുന്ന സ്ഥലമാണ്. അങ്ങ് പാർട്ടി സെക്രട്ടറിയായി പ്രവർത്തിച്ച സ്ഥലമായതിനാൽ ഇക്കാര്യത്തിൽ പ്രത്യേകമായിട്ടുള്ള കരുതലുണ്ടാകണമെന്ന് ഞാൻ വിനീതമായി അഭ്യർത്ഥിക്കുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച 'സുഗന്ധഗിരി കാർഡമം പ്രോജക്റ്റ് ഭൂമിക്ക് കൈവശരേഖ ലഭിച്ചവർക്ക് പട്ടയം നൽകണമെന്നതന്നെയാണ് സർക്കാരിന് താൽപ്പര്യമുള്ളത്. നിയമ തടസ്സങ്ങൾ നിലനിൽക്കുന്നതുമൂലമാണ് പട്ടയം നൽകാൻ സാധിക്കാതെ പോകുന്നത്. ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ, എനിക്ക് നല്ലതുപോലെ അറിയുകയും വളരെ അടുത്ത് ധാരണയുള്ളതുമായ ഒരു പ്രദേശമാണിത്. വൈത്തിരി താലൂക്കിലെ പൊഴുതന ഗ്രാമപഞ്ചായത്തിലെ സുഗന്ധഗിരിയിൽ പട്ടികവർഗ്ഗ വിഭാഗക്കാരുടെ പുനരധിവാസം ലക്ഷ്യമിട്ട് 1976-ൽ ഇതിനായി ഒരു സഹകരണ സംഘം രൂപീകരിച്ച് ആരംഭിച്ച പ്രോജക്ടാണ് സുഗന്ധഗിരി കാർഡമം പ്രോജക്ട്. 2003-ൽ പ്രസ്തുത സഹകരണ സംഘം പിരിച്ചുവിടുകയും ഭൂമി സർവ്വേ ചെയ്ത് സുഗന്ധഗിരി കാർഡമം പ്രോജക്ടിലെ പട്ടികവർഗ്ഗക്കാർക്ക് അഞ്ച് ഏക്കർ വീതവും പട്ടികജാതിയിൽപ്പെട്ട കുടുംബങ്ങൾക്ക് 1-2 ഏക്കർവീതവും ഭൂമി അനുവദിച്ചിട്ടുള്ളതുമാണ്. വില്ലേജ് ബി.ടി.ആർ. രേഖകൾപ്രകാരം ടി ഭൂമി നിക്ഷിപ്ത വനഭൂമിയായാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഇപ്രകാരം ലഭിച്ച ഭൂമി

വിൽക്കുന്നതിനോ ഭൂമിയിലെ റിസർവ് മരങ്ങൾ മുറിക്കുന്നതിനോ കൈവശക്കാരന് നിയമപരമായി അവകാശമില്ലാത്തതുമാണ്. ബഹുമാനപ്പെട്ട സുപ്രീം കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ വനം വകുപ്പിൽനിന്നും വിട്ടുകിട്ടിയ നിക്ഷിപ്ത വനഭൂമിയിലാണ് സുഗന്ധഗിരി പ്രോജക്ടിന്റെ ഭാഗമായി പട്ടികവർഗ്ഗക്കാർക്ക് കൈവശരേഖ അനുവദിച്ചുനൽകിയിട്ടുള്ളത്. ആയതിനാൽ നിലവിലെ നിയമപ്രകാരം പട്ടയം ലഭിക്കാൻ സാധ്യമല്ല. ബഹുമാനപ്പെട്ട അംഗം ഇവിടെ ഉന്നയിച്ചതുപോലെ ഏറ്റവും അടുത്ത ബന്ധുക്കൾക്ക്/പരമ്പരാഗത അവകാശികൾക്ക് ഈ ഭൂമി കൈമാറി ലഭ്യമാക്കാൻ കഴിയുന്ന വിധത്തിലുള്ള സാധ്യതകളുണ്ട്. വനാവകാശ നിയമത്തിലെ 4-ാം വകുപ്പിലെ 4-ാം ഉപവകുപ്പിൽ കൈവശ രേഖയിൽ ലഭിച്ചഭൂമി കൈമാറ്റം ചെയ്യാനോ അന്യാധീനപ്പെടുത്തുവാനോ പാടില്ലെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടെങ്കിലും ഭൂമിയുടെ അവകാശം പിന്തുടർച്ചക്കാർക്ക് ലഭിക്കുന്നതിന് യാതൊരു തടസ്സവുമില്ലെന്ന് കൃത്യതയോടെ വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ അനന്തരാവകാശികളുടെ അഭാവത്തിൽ പരമ്പരാഗത അവകാശം ഏറ്റവും അടുത്ത കുലബന്ധുവിനും വന്നുചേരുന്നതാണെന്ന് പ്രസ്തുത നിയമത്തിൽ വ്യക്തമാക്കുകയും ചെയ്തിട്ടുണ്ട്.

ഇപ്പോൾ കേന്ദ്ര ഗവൺമെന്റ് നടത്തിക്കൊണ്ടിരിക്കുന്നതുപോലെ, ഫോറസ്റ്റ് (കൺസർവേഷൻ) ആക്ട് പുതിയ രീതിയിൽ, പുതിയ പേരിൽ പരിഷ്കരിച്ചിട്ടുണ്ട്. ഇപ്പോൾ അതിന്റെ പേര് വൻ (സംരക്ഷൺ ഏവം സംവർദ്ധൻ) അധിനിയം എന്നാണ്. ഭേദഗതി ചെയ്ത 1980-ലെ വന സംരക്ഷണം നിയമത്തിന്റെ സെക്ഷൻ 4(1) (എ) പ്രകാരം, ഡിസംബർ 1-ാം തീയതി നോട്ടിഫൈ ചെയ്തതനുസരിച്ച് 12-12-1996-ന് മുമ്പ് വനഭൂമി ഏതെങ്കിലുമൊരു സർക്കാർ ഉത്തരവുപ്രകാരം വനേതരാവശ്യത്തിന് കൈമാറിയിട്ടുണ്ടെങ്കിൽ പ്രസ്തുത ഭൂമി ആ നിയമത്തിലെ സെക്ഷൻ II-ൽ പറഞ്ഞിരിക്കുന്നപ്രകാരം വനഭൂമിയുടെ പരിധിയിൽ വരില്ലെന്ന് വ്യക്തമാക്കിയിട്ടുണ്ട്. നിക്ഷിപ്ത വനഭൂമിയായി ഏറ്റെടുത്ത് റവന്യൂ വകുപ്പിന് കൈമാറിയ സ്ഥലത്താണ് 'സുഗന്ധഗിരി കാർഡമം പ്രോജക്ട് പ്രവർത്തിച്ചുവരുന്നതെന്ന് മനസ്സിലാക്കാൻ സാധിക്കുന്നതാണ്. ഇവിടെ വനഭൂമി വനേതരാവശ്യത്തിന് കൈമാറി ഉപയോഗിച്ചുവരുന്നതും ആ ഭൂമിയിൽ 1980-ലെ വന സംരക്ഷണ നിയമത്തിലെ 4(1)(എ)-ൽ വരുത്തിയ ഭേദഗതിയുടെ പരിധിയിലുൾപ്പെടുകയാണെങ്കിൽ 1964-ലെ ഭൂപതിവ് ചട്ടങ്ങൾപ്രകാരം പട്ടയം

നൽകാൻ സാധിക്കുമോയെന്ന് പരിശോധിച്ച് ആവശ്യമായ നടപടികൾ കൊണ്ടുവരാനും ശ്രമിക്കുന്നതാണ്. ഇതുമായി ബന്ധപ്പെട്ട് വനം വകുപ്പുമന്ത്രിയും ഞാനും കേന്ദ്ര വനം വകുപ്പുമന്ത്രിയെയും ബന്ധപ്പെട്ട ആളുകളെയും മറ്റ് പലവിധ കാര്യങ്ങൾക്കുവേണ്ടി കാണുകയും അതിനുശേഷം കേരളത്തിൽ നടത്തിയ ചർച്ചയിൽ വനവും റവന്യൂവും തമ്മിലുള്ള തർക്ക വിഷയങ്ങളിൽ വളരെ പോസിറ്റീവായ നിലപാടാണ് വകുപ്പുമന്ത്രിയും എടുത്തിട്ടുള്ളത്. അതുകൊണ്ട് 12-12-1996-ന് മുമ്പ് വനേതരാവശ്യത്തിനുവേണ്ടി ഉപയോഗിച്ചുവന്നിട്ടുള്ളതും നിലവിൽ കൃഷിക്കും താമസിക്കുന്നതിനുമായി തൊഴിലാളികൾ കൈവശരേഖ അനുഭവിച്ചിട്ടുള്ളതുമായ സുഗന്ധഗിരി-പൂക്കോട്-കാർഡമം പ്രോജക്ടിൽ ഉൾപ്പെട്ട കൈവശ ഭൂമിക്ക് 1964-ലെ ഭൂപതിവ് ചട്ടപ്രകാരം പട്ടയം നൽകുന്ന വിഷയത്തിൽ വനം വകുപ്പിന്റെകൂടി അഭിപ്രായം ലഭ്യമാക്കി തുടർ നടപടികൾ സ്വീകരിക്കാം. വളരെ ഗൗരവമുള്ളൊരു വിഷയമാണ് അങ്ങ് ഉന്നയിച്ചത്. ഈ വിഷയം ചർച്ച ചെയ്യുന്നതിനായി ബഹുമാനപ്പെട്ട അംഗത്തിന്റെകൂടി സാന്നിദ്ധ്യത്തിൽ ഒരു യോഗം വിളിച്ചു ചേർക്കാമെന്ന കാര്യംകൂടി അറിയിക്കുന്നു. വൈത്തിരി താലൂക്കുമായി ബന്ധപ്പെട്ട പ്രശ്നം ഏറ്റവും

വേഗതയിൽ എങ്ങനെ സാമ്പത്തിക സാധ്യതകൾക്കനുസരിച്ച് ചെയ്യാൻ സാധിക്കുമെന്ന കാര്യവും പരിശോധിക്കാവുന്നതാണ്.

2. കുറ്റ്യാടി ജലസേചന പദ്ധതിയുടെ കനാൽ ശൃംഖല നവീകരണം

ശ്രീ. ടി. പി. രാമകൃഷ്ണൻ: സർ, പെരുവണ്ണാമൂഴി കേന്ദ്രമായി പ്രവർത്തിക്കുന്ന കുറ്റ്യാടി ഇറിഗേഷൻ പദ്ധതി മുഖേനയാണ് കോഴിക്കോട് ജില്ലയിൽ കാർഷികാവശ്യത്തിന് വെള്ളം നൽകുന്നത്. റിസർവോയറിലെ വെള്ളം ഉപയോഗിച്ചാണ് ജില്ലയിലെ കുടിവെള്ള ആവശ്യം നിറവേറ്റുന്നത്. 6 മെഗാ വാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന ജലവൈദ്യുത പദ്ധതി കമ്മീഷൻ ചെയ്ത് പ്രവർത്തിച്ചുവരികയാണ്. വർദ്ധിച്ച ആവശ്യത്തിനനുസരിച്ച് റിസർവോയറിൽ വെള്ളം സംഭരിക്കാൻ സാധിക്കുന്നില്ല. 52 വർഷമായി പ്രവർത്തിക്കുന്ന കനാൽ ശൃംഖലകൾ ശോചനീയാവസ്ഥയിലായതിനാൽ അവയുടെ പുനരുദ്ധാരണത്തിനാവശ്യമായ ഫണ്ടുനൽകി പ്രവർത്തന പരിപാടികൾ ആവിഷ്കരിക്കേണ്ടതുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജനകീയ പ്രസ്ഥാനങ്ങളെയും ഇതുമായി സഹകരിപ്പിക്കണം. കഴിഞ്ഞവർഷം ജില്ലയിലെ കർഷക സംഘത്തിന്റെ നേതൃത്വത്തിൽ ആയിരക്കണക്കിന്

വോളണ്ടിയർമാർ പങ്കെടുത്ത് കനാൽ ശുചീകരിക്കുകയുണ്ടായി. അതൊരു മാതൃകാപരമായ പ്രവർത്തനമായിരുന്നു. റിസർവോയറിലെ മണ്ണും മണലും എക്കലും നീക്കം ചെയ്ത് ജലസംഭരണിയുടെ കപ്പാസിറ്റി ഉയർത്താൻ നടപടി സ്വീകരിക്കണമെന്നാണ് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്. ശാസ്ത്രീയവും പ്രായോഗികവുമായ നിലപാടാണ് ഇക്കാര്യത്തിൽ സ്വീകരിക്കേണ്ടത്. സംസ്ഥാന ഗവൺമെന്റിന്റെ ഇക്കാര്യത്തിലുള്ള നിലപാട് വ്യക്തമാക്കണമെന്നാണ് അഭ്യർത്ഥിക്കാനുള്ളത്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, കുറ്റ്യാടി ജലസേചന പദ്ധതിയുടെ 603 കിലോമീറ്ററിൽ വ്യാപിച്ചുകിടക്കുന്ന കനാൽ ശൃംഖലയുടെ നവീകരണത്തിനും ഡാമിന്റെ സംഭരണശേഷി കൂട്ടുന്നതിനുമാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. കുറ്റ്യാടി ജലസേചന പദ്ധതിയുടെ കനാലുകളും അനുബന്ധ സ്ട്രക്ച്ചറുകളും 50 വർഷത്തിൽ കൂടുതൽ പഴക്കം ചെന്നവയാണ്. ഇതിൽ മിക്കവയും മൺകനാലുകളാണ്. കനാലുകളും കനാൽ നിർമ്മിതികളും കാലപ്പഴക്കം കാരണം മിക്കയിടങ്ങളിലും ചോർച്ച അനുഭവപ്പെടാറുണ്ട്. പ്രസ്തുത കനാലുകളിൽ അടിയന്തര പ്രധാന്യം നൽകി

പൂർണ്ണതോതിലുള്ള പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടത്തിയാൽ മാത്രമെ ചോർച്ച മുഴുവനായി പരിഹരിക്കാൻ സാധിക്കുകയുള്ളൂ. കുറ്റ്യാടി ജലസേചന പദ്ധതിയുടെ നവീകരണവുമായി ബന്ധപ്പെട്ട് 2023-2024 സാമ്പത്തിക വർഷത്തിലെ പ്ലാൻ പദ്ധതി പ്രകാരം 49 പ്രവൃത്തികൾക്കായി 5 കോടി രൂപയും നോൺ പ്ലാൻ പദ്ധതി പ്രകാരം 2.88 കോടി രൂപയും അനുവദിക്കുകയും പ്രവൃത്തികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. 2024-2025 സാമ്പത്തിക വർഷത്തിൽ കുറ്റ്യാടി ജലസേചന പദ്ധതിയുടെ നവീകരണത്തിനായി പ്ലാൻ ഫണ്ടിൽ 5 കോടി രൂപയും കാഡാ (കമാന്റ് ഏരിയ ഡെവലപ്മെന്റ് അതോറിറ്റി) വിഭാഗത്തിൽ 3.10 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. മേൽപ്പടി ഫണ്ടുപയോഗപ്പെടുത്തി പ്രവൃത്തികൾ നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. 50 വർഷത്തിലധികം പഴക്കമുള്ള കുറ്റ്യാടി ജലസേചന പദ്ധതിയുടെ കനാൽ നിർമ്മിതികൾ പുനരുദ്ധരിക്കാൻവേണ്ടി 168 പ്രവൃത്തികൾ ഉൾപ്പെടുന്ന 175 കോടി രൂപയുടെ ഡി.പി.ആറും കുറ്റ്യാടി-പേരാമ്പ്ര നിയോജകമണ്ഡലത്തിലെ വിവിധ കനാലുകളുടെ നവീകരണത്തിനായി 9.33 കോടി രൂപയുടെ 25 പ്രവൃത്തികൾ ഉൾക്കൊള്ളുന്ന പദ്ധതി രേഖയും

പരിശോധിച്ചുവരുന്നു. കുറ്റ്യാടി ജലസേചന പദ്ധതിയുടെ റിസർവോയറിൽ 2019-ലെ KERI (Kerala Engineering Research Institute), Peechi-യുടെ ബാത്തിമെട്രിക് സ്റ്റഡിയനുസരിച്ച് 36.6 ശതമാനം അണക്കെട്ടിന്റെ ജലസംഭരണശേഷി കുറഞ്ഞതായി കണക്കാക്കിയിട്ടുണ്ട്. അണക്കെട്ടിന്റെ നിലവിലെ ജലസംഭരണശേഷി മനസ്സിലാക്കുന്നതിനും ഡാമിന്റെ ഡീസിൽറ്റേഷൻ പ്രവൃത്തികൾ നടപ്പിലാക്കുന്നതിനുമായി പുതിയ പഠനം നടത്തുന്നതിന് സൂപ്രണ്ടിംഗ് എഞ്ചിനീയർ, പ്രോജക്ട് സർക്കിൾ കണ്ണൂരിൽനിന്നും KERI, Peechi-ക്ക് 27-05-2024-ന് കത്തുനൽകിയിട്ടുണ്ട്. പുതിയ പഠന റിപ്പോർട്ട് ലഭ്യമായശേഷം ചെളിയും എക്കലും മണലും നീക്കം ചെയ്യാനുള്ള പ്രവൃത്തികൾ നടപ്പിലാക്കി ഡാമിന്റെ സംഭരണശേഷി വർദ്ധിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്. ബഹുമാനപ്പെട്ട എം.എൽ.എ. പറഞ്ഞത് വളരെ പ്രസക്തമായ ഒരു വിഷയമാണ്. കേരളത്തിലെ കനാലുകളുടെയെല്ലാം സ്ട്രക്ച്ചറുകൾ ഏകദേശം 50 വർഷത്തിൽ കൂടുതൽ പഴക്കമുള്ളതായതുകൊണ്ട് പൂർണ്ണമായ പുനരുദ്ധാരണ പ്രവൃത്തികൾകൊണ്ട് മാത്രമാണ് ഇതിനുപരിഹാരം കണ്ടെത്താൻ സാധിക്കുന്നത്. കുറ്റ്യാടിയുടെ കാര്യത്തിൽ ആവശ്യമായ

ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ട്. അനുബന്ധമായി കേരളത്തിലെ വിവിധ കനാലുകളുടെ കാര്യത്തിലും ഇത്തരത്തിലുള്ള കാര്യങ്ങൾ ചെയ്യേണ്ടിവരുന്നതാണ്. അതിന് പ്രത്യേക ഫണ്ട് കണ്ടെത്തുന്നതിനുള്ള മാർഗ്ഗങ്ങളെക്കുറിച്ചും ആലോചിക്കുന്നുണ്ട്. ജലസേചനത്തിന് മാത്രമല്ല, കുടിവെള്ളത്തിനെയും ആശ്രയിക്കുന്നൊരു സ്ഥിതിയുള്ളതുകൊണ്ട് ഇത്തരം പ്രവൃത്തികൾ ഗൗരവമായി കണ്ട് പ്രയോറിറ്റി കൊടുത്ത് നടപ്പിലാക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്.

## 3. കാസർഗോഡ് ആർ.ആർ.ടി. യൂണിറ്റ് അനുവദിക്കൽ

ശ്രീ. സി. എച്ച്. കുഞ്ഞമ്പു: സർ, കാസർഗോഡ് ജില്ലയിലെ വന്യ മൃഗശല്യം തടയുന്നതിന് ആർ.ആർ.ടി. അനുവദിക്കണമെന്നതാണ് എന്റെ ആവശ്യം. ജില്ലയിൽ 200 ഹെക്ടറോളവും വനഭൂമിയാണ്. ഇത് ജനവാസ കേന്ദ്രവുമായി ഇടകലർന്ന് സ്ഥിതി ചെയ്യുന്നതിനാൽ വന്യമൃഗങ്ങൾ ഇടക്കിടക്ക് കടന്നുവരുന്നതുകാരണം കൃഷിക്കും ജീവനും വലിയ നഷ്ടങ്ങൾ സംഭവിച്ചുകൊണ്ടിരിക്കുകയാണ്. കഴിഞ്ഞ ഏതാനും വർഷക്കാലമായി കർണ്ണാടക വനാതിർത്തി കടന്ന് കേരളത്തിലെ ജനവാസ കേന്ദ്രങ്ങളിൽ

ഒരുക്കൂട്ടം ആനകൾ സംഹാരതാണ്ഡവമാടുകയാണ്. നാട്ടുകാർ ഭയത്തിലും രാത്രി ഉറക്കമില്ലാത്ത അവസ്ഥയിലുമാണ്. കൃഷികൾ പൂർണ്ണമായും തകർത്ത് അവർക്ക് വലിയ സാമ്പത്തിക നഷ്ടമാണുണ്ടാക്കിയിരിക്കുന്നത്. ഈ സാഹചര്യത്തിൽ ഇതിനെ പ്രതിരോധിക്കാൻ കാസർഗോഡ് ജില്ലയിൽ ഒരു ഫോറസ്റ്റ് സ്റ്റേഷൻപോലും ഇല്ല. കർണ്ണാടകത്തിലെ കൂർഗ് ജില്ലയിലെ വനമേഖലയുടെ തുടർച്ചയാണ് കാസർഗോഡിലെ വനങ്ങൾ. തലക്കാവേരി വന്യജീവി സങ്കേതമായും വാഗമണ്ഡലം ഡിവിഷനുമായും അതിർത്തി പങ്കിടുന്നു. 2018-ൽ പ്രളയത്തെത്തുടർന്ന് മനുഷ്യ-വന്യജീവി സംഘർഷങ്ങൾ ജില്ലയിൽ രൂക്ഷമായി. ഇപ്പോൾ ഇരുപത്തിയൊന്നോളം ആനകൾ കൃഷി നശിപ്പിച്ചുകൊണ്ടിരിക്കുകയാണ്. അതൊരു സ്ഥിരം ശല്യമായി മാറിയിരിക്കുകയാണ്. ജനങ്ങളെ കൂടുതൽ ഭയത്തിലും ഭീതിയിലുമാക്കിയിരിക്കുകയാണ്. അതിനുപുറമെയാണ് കാട്ടുപോത്ത്, പുലി തുടങ്ങിയ വന്യമൃഗങ്ങളുടെ ശല്യവുമുള്ളത്. 2018 സെപ്റ്റംബർ മാസത്തിൽ കാരഡുക്ക പഞ്ചായത്തിലെ പൊട്ടൻകുഴിയെന്ന സ്ഥലത്ത് കുമാരൻ എന്നയാളെ ആന ചവിട്ടി കൊന്നു. അതുപോലെ കാട്ടുപന്നിയുടെ ആക്രമണത്തിൽ

മരണങ്ങൾ ഉണ്ടാകുകയും ഗുരുതരമായ പരിക്കേറ്റ സംഭവങ്ങളുമുണ്ടായിട്ടുണ്ട്. ഇത്രയും സംഭവങ്ങളെല്ലാമുണ്ടായിട്ടും വന്യമൃഗശല്യം രൂക്ഷമായതിനാൽ കഴിഞ്ഞവർഷം ജില്ലയിൽ താൽക്കാലികമായി ഒരു സ്പെഷ്യൽ ടീമിനെ അനുവദിക്കുകയും അവർ വന്യമൃഗങ്ങളെയെല്ലാം തുരത്താനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തു. എന്നാൽ ഇപ്പോൾ ആ ടീം പ്രവർത്തിക്കുന്നില്ല. ഈ ഗുരുതര സാഹചര്യത്തിൽ ജില്ലയിൽ ആർ.ആർ.ടി. സ്ഥിരമായി അനുവദിക്കുന്നതിന്റെ ആവശ്യം അനുഭാവപൂർവ്വം പരിഗണിക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

വനം-വന്യജീവി വകുപ്പുമന്ത്രി (<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>): സർ, കാസർഗോഡ് ജില്ലയിൽ സ്ഥിരമായ ആർ.ആർ.ടി. ഇല്ലാത്തതിനാൽ ഒരു സ്ഥിരം ആർ.ആർ.ടി. അനുവദിക്കണമെന്നാണ് ബഹുമാനപ്പെട്ട അംഗം സബ്മിഷനിലൂടെ ഉന്നയിച്ചത്. കഴിഞ്ഞദിവസത്തെ ഡിമാന്റ് ചർച്ചയ്ക്കിടയിൽ തൃക്കരിപ്പൂർ എം.എൽ.എ.-യും ഇക്കാര്യം ഉന്നയിച്ചിരുന്നു. കാഞ്ഞങ്ങാട് എം.എൽ.എ. ശ്രീ. ഇ. ചന്ദ്രശേഖരൻ എനിക്കൊരു കത്ത് നൽകിയിട്ടുമുണ്ട്. ഇതെല്ലാം പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഈ ന്യായമായ ആവശ്യം

പരിഗണിച്ചുകൊണ്ട് അടിയന്തരമായി ഒരു ആർ.ആർ.ടി. കൂടി രൂപീകരിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

4. കൊച്ചി തുറമുഖത്തുനിന്നുള്ള കപ്പൽ ഗതാഗതം

ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: സർ, കൊച്ചിയുടെയും കൊച്ചി തുറമുഖത്തിന്റെയും പ്രാധാന്യവും പ്രാമുഖ്യവും കണക്കിലെടുത്ത് തുറമുഖ വകുപ്പിന്റെയും മാരിടൈം ബോർഡിന്റെയും സംയുക്ത സംരംഭമായി കൊച്ചി തുറമുഖത്തുനിന്നും രാജ്യത്തിന്റെ വിവിധ സ്ഥലങ്ങളിലേയ്ക്കും ഗൾഫ് രാജ്യങ്ങളിലേയ്ക്കും മറ്റ് വിദേശ രാജ്യങ്ങളിലേയ്ക്കും കപ്പൽ ഗതാഗതം ആരംഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. പ്രവാസികൾക്ക് കുറഞ്ഞ ചെലവിൽ ഗൾഫ് നാട്ടുകളിലേയ്ക്ക് യാത്ര ചെയ്യുന്നതിനായി കപ്പൽ സർവ്വീസ് ആരംഭിക്കുന്ന കാര്യം പരിഗണനയിലാണെന്ന് ഈ സഭയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി വ്യക്തമാക്കിയിട്ടുള്ളതാണ്. കേരളത്തിന്റെ ഇന്നത്തെ സാഹചര്യത്തിൽ ഇത്തരത്തിലൊരു കപ്പൽ സർവ്വീസ് ആരംഭിക്കുന്നതിന് അനുയോജ്യമായ സ്ഥലം കൊച്ചി തുറമുഖമാണ്. കേരളത്തിന്റെ വികസനത്തിൽ ഇന്നലെകളിൽ

വലിയ സംഭാവനകൾ നൽകിയ ഒരു തുറമുഖമാണ് കൊച്ചി തുറമുഖം. പുതിയ തുറമുഖങ്ങൾ ആരംഭിച്ചതോടെ കയറ്റിറക്ക് രംഗത്ത് പിന്നോക്കം പോയെങ്കിലും വൻകിട വിനോദസഞ്ചാര കപ്പലുകളും പാസഞ്ചർ കപ്പലുകളും സഞ്ചാരികളുമായി ഇന്നും എത്തിച്ചേരുന്നത് കൊച്ചിയിലാണ്. കപ്പൽ ഹാൻഡിൽ ചെയ്യാൻ കഴിയുന്ന ഷിപ്പിംഗ് കമ്പനികൾ, ആവശ്യമായ തൊഴിലാളികൾ, റിപ്പയർ ഫെസിലിറ്റി, ക്ലിയറിംഗ് സംവിധാനം എന്നിവയെല്ലാം കൊച്ചിയിലുണ്ട്. ആവശ്യമായ ആഴവുമുണ്ട്. വിമാനയാത്രക്കൂലിയും മറ്റും കേന്ദ്ര സർക്കാരും വിമാനക്കമ്പനികളും അടിക്കടി വർദ്ധിപ്പിക്കുന്ന സ്ഥിതിയാണ് ഇന്നുള്ളത്. റോഡ്, റെയിൽ മാർഗ്ഗങ്ങൾ ചെലവേറിയതും ഗതാഗതക്കുരുക്ക് സൃഷ്ടിക്കുന്നതുമാണ്. അതിനെ അപേക്ഷിച്ച് അല്പം സമയദൈർഘ്യമുണ്ടാകാമെങ്കിലും കടൽമാർഗ്ഗം ചെലവുകുറഞ്ഞതും പരിസ്ഥിതി സൗഹൃദവുമാണ്. ഇക്കാരണങ്ങളാൽ കൊച്ചിയിൽനിന്നും കപ്പൽ ഗതാഗതം ആരംഭിക്കുന്നത് എന്തുകൊണ്ടും സവിശേഷമായ ഒരു നേട്ടമായിരിക്കും. കൊച്ചിയിൽനിന്നും സർവ്വീസ് ആരംഭിച്ചാൽ മറ്റ് തുറമുഖ നഗരങ്ങൾപോലെ കൊച്ചിയും ഉണരും. അതിനാൽ ഏറ്റവും അനുയോജ്യമായ പ്രദേശമെന്ന

നിലയിൽ നമ്മുടെ തുറമുഖ വകുപ്പിന്റെയും മാരിടൈം ബോർഡിന്റെയും നേതൃത്വത്തിൽ കൊച്ചിയിൽനിന്നുതന്നെ കപ്പൽ ഗതാഗതം ആരംഭിക്കണമെന്ന് ഈ സബ്മിഷനിലൂടെ ഞാൻ സവിനയം അഭ്യർത്ഥിക്കുന്നു.

തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): സർ, സംസ്ഥാനത്തെ ഒരു മേജർ തുറമുഖമാണ് കൊച്ചി. മേജർ തുറമുഖങ്ങളുടെ നടത്തിപ്പ് ചുമതല കേന്ദ്ര സർക്കാരിൽ നിക്ഷിപ്തമാണ്. കേന്ദ്ര സർക്കാരിനുകീഴിലുള്ള കൊച്ചിൻ പോർട്ട് ട്രസ്റ്റിനാണ് കൊച്ചി അന്താരാഷ്ട്ര തുറമുഖത്തിന്റെ നടത്തിപ്പ് ചുമതല. മറ്റ് സംസ്ഥാനങ്ങളിലേയ്ക്കും വിവിധ രാജ്യങ്ങളിലേയ്ക്കുമുള്ള ചരക്ക് ഗതാഗതവും അന്താരാഷ്ട്ര യാത്ര കപ്പൽ സർവ്വീസും കൊച്ചി തുറമുഖം വഴിയാണ് നടന്നുവരുന്നത്. കൊച്ചി തുറമുഖത്തിന്റെ വികസനത്തിനും സംസ്ഥാന താൽപര്യം മുൻനിർത്തിയുള്ള ചരക്ക് യാത്രാ കപ്പൽ ഗതാഗതത്തിനും ആവശ്യമായ ഇടപെടലുകൾ സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്നും യഥാസമയമുണ്ടാകാറുണ്ട്. ദുബായ് സെക്ടറിൽനിന്നും കേരളത്തിലേയ്ക്ക് യാത്രാ കപ്പൽ സർവ്വീസ് നടത്തണമെന്ന് പ്രവാസി മലയാളികളുടെ നിരന്തര അഭ്യർത്ഥന മാനിച്ച് കേരള മാരിടൈം ബോർഡ്

ഇതിനായുള്ള നടപടികൾ സ്വീകരിച്ചു. ഇത്തരത്തിൽ കപ്പൽ സർവ്വീസ് നടത്താൻ താൽപര്യമുള്ള കമ്പനികളിൽനിന്നും താൽപര്യപത്രം ക്ഷണിക്കുകയും താൽപര്യം അറിയിച്ചുകൊണ്ട് മുന്നോട്ടുവന്ന White Sea Private Limited, Jabal Ventures Private Limited എന്നീ രണ്ട് കമ്പനികളുമായി ബോർഡ് ചർച്ച നടത്തുകയും ചെയ്തു. പ്രസ്തുത ചർച്ചയിൽ കൊച്ചി തുറമുഖമാണ് കേരളത്തിൽ വലിയ കപ്പലുകൾ അടുക്കാൻ സജ്ജമായിട്ടുള്ളതെന്ന് കണ്ടെത്തി. ആയതിനാൽ ആദ്യഘട്ടമെന്ന നിലയിൽ ഗൾഫ് മേഖലയിൽനിന്നും കേരളത്തിലേയ്ക്ക് നടപ്പാക്കാനുദ്ദേശിക്കുന്ന യാത്രാ കപ്പൽ സർവ്വീസ് കൊച്ചി തുറമുഖവുമായി ബന്ധപ്പെടുത്തി നടപ്പാക്കാൻ കേന്ദ്ര ഗവൺമെന്റിന്റെ അനുമതിയോടുകൂടി സംസ്ഥാന സർക്കാർ മുന്നോട്ടുവരുന്നതാണ്.

5. നെന്മാറയിലെ പൊതുമരാമത്ത് പ്രവൃത്തികൾ പൂർത്തീകരിക്കൽ

ശ്രീ. കെ. ബാബു (നെന്മാറ): സർ, ഇന്ത്യയിലെ സുന്ദരമായ ഗ്രാമ ഭംഗിയിൽ മൂന്നാമത് നിൽക്കുന്ന കൊല്ലങ്കോട് ഗ്രാമപഞ്ചായത്ത് എന്റെ നിയമസഭാ മണ്ഡലത്തിലാണ്. പതിനായിരക്കണക്കിനുവരുന്ന ടൂറിസ്റ്റുകളെ

ആകർഷിക്കപ്പെടുന്ന ഏറ്റവും പ്രധാനപ്പെട്ട റോഡാണ് കൊല്ലങ്കോട്-സീതാർകുണ്ട്. നാലുകോടി രൂപ അനുവദിക്കപ്പെട്ട് കരാറുകാരൻ പ്രവൃത്തി ഏറ്റെടുത്തു. എന്നാൽ ജലജീവൻ മിഷൻ പ്രവർത്തനത്തിന്റെ വൈകല്യം കാരണം കരാറുകാരൻ കോടതിയിൽപ്പോയി അതിൽനിന്നും ഒഴിവായി. ഇപ്പോൾ ജനങ്ങൾക്ക് നടക്കാൻ പറ്റാത്ത അവസ്ഥയാണ്. കൊടുവായൂർ-പിട്ടുപ്പീടിക-മാങ്ങോട് റോഡ് നബാർഡ് സ്കീമിൽ വന്നതാണ്. കരാറുകാരൻ പ്രവൃത്തി ഏറ്റെടുക്കുകയും റോഡ് പൊളിച്ചിടുകയും ചെയ്തു. അതിനുശേഷം കോടതിയെ സമീപിച്ച് ആ കരാറുകാരനും അവിടെനിന്നും മുങ്ങി. ഇപ്പോഴും പിട്ടുപ്പീടിക-മാങ്ങോട് റോഡിലൂടെ ജനങ്ങൾക്ക് നടക്കാൻ പറ്റാത്ത സാഹചര്യമാണ്. പ്രളയകാലത്ത് തകർന്നടിഞ്ഞുപോയ 83 സ്ഥലങ്ങളിൽ, വലിയ ഗർത്തങ്ങളുണ്ടായ സ്ഥലമാണ് നെന്മാറ- നെല്ലിയാമ്പതി ചുരം റോഡ്. അത് റീബിൽഡ് കേരളയിൽ ഉൾപ്പെടുത്തി കെ.എസ്.ടി.പി. മുഖാന്തരം നടപ്പിലാക്കാൻ തീരുമാനിച്ചു. 90 കോടി രൂപ അനുവദിക്കപ്പെട്ട് ടെണ്ടർ നടപടി പൂർത്തീകരിച്ചു. ആ ടെണ്ടറുമായി ബന്ധപ്പെട്ട് ഒരു നടപടിക്രമത്തിലുണ്ടായ പ്രശ്നം കാരണം കോടതിയിൽപ്പോവുകയും അവസാനം ആ ടെണ്ടർ ഒഴിവാക്കി

ഇപ്പോൾ പുതിയ എസ്റ്റിമേറ്റ് തയ്യാറാക്കുന്ന സ്പീഡിലാണെന്ന് അറിയുന്നു. ഒഴിവുകാലങ്ങളിൽ 2800-ലധികം വാഹനങ്ങളാണ് നെല്ലിയാമ്പതി ടൂറിസ്റ്റ് കേന്ദ്രത്തിലേയ്ക്ക് വന്നിരുന്നത്. അപകടകരമായ റോഡ് ഇടിച്ചിലുണ്ടായതാണ്. മഴ പെയ്താൽ അപകടകരമായ സാഹചര്യം വീണ്ടുമുണ്ടാകും. അതിന്റെ നിർമ്മാണവും പാതിവഴിയിലാണ്. കണ്ണനിക്കടവ് പാലം ബഹുമാനപ്പെട്ട മന്ത്രി സന്ദർശിക്കുകയും കാലാവധിക്കുമുമ്പ് പ്രവൃത്തി പൂർത്തിയാക്കണമെന്ന് കർക്കശമായ തീരുമാനമെടുത്തു പോയതുമാണ്. കരാറുകാരന്റെ അനാസ്ഥമൂലം ഇപ്പോൾ അതിന്റെ നിർമ്മാണവും പാതിവഴിയിലാണ് നിൽക്കുന്നത്. പുഴയിൽ താൽക്കാലികമായി നിർമ്മിച്ചുകൊടുത്തിട്ടുള്ള പാലം വെള്ളത്തിൽ മുങ്ങിയതുകൊണ്ട് പൂർത്തിയാകാത്ത പാലത്തിന്റെ മുകളിൽക്കൂടി അപകടകരമായ സാഹചര്യത്തിലൂടെയാണ് ജനങ്ങൾ യാത്ര ചെയ്യുന്നത്. അതുപോലെ കിഫ്ബിയിലുൾപ്പെടുത്തി ഭൂമി പൊന്നുംവിലകൊടുത്ത് ഏറ്റെടുത്ത് ടെണ്ടർ നടപടികളിലേയ്ക്ക് പോകേണ്ട സാഹചര്യത്തിൽ നിൽക്കുന്ന ഏറ്റവും പ്രധാനപ്പെട്ട പാലമാണ് കുണ്ടറ പാലവും അതിനോട് ചേർന്ന മേൽപ്പാലവും.

അതിന്റെ ടെണ്ടറും ആയിട്ടില്ല, പണി പൂർത്തിയാകാതെ നിൽക്കുകയാണ്. അതുപോലെതന്നെ ബഡ്ജറ്റിൽ ഉൾപ്പെടുത്തി നെന്മാറ സി.എച്ച്.സി., പല്ലാവൂർ സ്കൂൾ, കൊടുവായൂർ സ്കൂൾ, മുതലമട സ്കൂൾ തുടങ്ങിയ സ്കൂളുകളിലെ എസ്റ്റിമേറ്റ് തയ്യാറാക്കി ആർക്കിടെക്റ്റിന് അയച്ചുകൊടുത്തുവെങ്കിലും ഇന്നുവരെ അത് വന്നിട്ടില്ല. ആ പ്രവർത്തനവും അവിടെ നിൽക്കുന്നു. അതുപോലെ കാരപ്പാറ റോഡിന്റെയും പറമ്പിക്കുളം റോഡിന്റെയും പ്രവൃത്തിയുമായി ബന്ധപ്പെട്ട കാര്യങ്ങളിലും ബഹുമാനപ്പെട്ട മന്ത്രി ഇടപെട്ടിട്ടുണ്ട്. അതിന് സന്തോഷം അറിയിക്കുന്നു. എന്നാൽ അതിനനുസരിച്ച് ഉദ്യോഗസ്ഥതലത്തിലുള്ള വേഗത പോരാ. അടിയന്തരമായി ഈ പ്രവർത്തനങ്ങൾ ആരംഭിക്കാനാവശ്യമായ നടപടിയുണ്ടാകണമെന്നാണ് ഈ സബ്മിഷനിലൂടെ ഞാൻ ഉന്നയിക്കുന്നത്.

പൊതുമരാമത്ത്- വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, നെന്മാറ നിയോജകമണ്ഡലത്തിലെ പി.ഡബ്ല്യു.ഡി. പ്രവൃത്തികൾ പൂർത്തീകരിക്കുന്നതുമായി ബന്ധപ്പെട്ട സബ്മിഷനാണ് ബഹുമാനപ്പെട്ട അംഗം ഇവിടെ ഉന്നയിച്ചിരിക്കുന്നത്. നിരത്തുവിഭാഗത്തിനുകീഴിൽ നെന്മേനി-സിതാർകുണ്ട് റോഡ് പ്രവൃത്തിയാണ്

പൂർത്തിയാക്കാൻ ബാക്കിയുള്ളത്. നിലവിൽ ഈ റോഡിന് ജി.എസ്.ടി. നിരക്കിലെ വ്യത്യാസം കാരണം പുതുക്കിയ ഭരണാനുമതി നൽകേണ്ടതുണ്ട്. ഇക്കാര്യം പരിശോധിച്ചുവരികയാണ്. നബാർഡ് പദ്ധതിയിലുൾപ്പെടുത്തിയ പിട്ടുപീടിക-മൈലാ-മാങ്ങോട് റോഡിന്റെ പ്രവൃത്തി കരാറുകാരന് കൈമാറിയിരുന്നു. എന്നാൽ കരാറുകാരൻ പ്രവൃത്തിയിൽ അലംഭാവം കാണിച്ചതിനെത്തുടർന്ന് എം.എൽ.എ.-യുമായി ചർച്ച നടത്തി റിസ്ക് ആൻഡ് കോസ്റ്റിൽ ടെർമിനേറ്റ് ചെയ്തു. ഈ റോഡുകളിൽ നിലവിൽ ജലജീവൻ മിഷൻ പ്രവൃത്തിക്ക് റോഡ് കട്ടിംഗിനുള്ള അപേക്ഷ ലഭിച്ചിട്ടുണ്ട്. അതിൽ തീരുമാനമെടുക്കേണ്ടതുണ്ട്. വിശദമായ മറുപടിയാണ്, എല്ലാം വായിക്കുന്നില്ല. കൊല്ലങ്കോട് കുനിശ്ശേരി റോഡിന് 4 കോടി രൂപയാണ് അനുവദിച്ചിരുന്നത്. ഇവിടെയും പ്രവൃത്തി ആരംഭിക്കുന്നതിനുമുമ്പ് ജലജീവൻ മിഷൻ പ്രവൃത്തിക്കായി റോഡ് വാട്ടർ അതോറിറ്റിക്ക് വിട്ടുനൽകി. ആ പ്രവൃത്തി പൂർത്തിയാക്കി റെസ്റ്റോറേഷനും GSB (Granular sub-base), WMM (Wet Mix Macadam) പ്രവൃത്തികളും പൂർത്തീകരിച്ചു. ടാറിംഗ്, റോഡ് സേഫ്റ്റി പ്രവൃത്തികൾ എന്നിവ കാലാവസ്ഥയ്ക്ക് അനുയോജ്യമായി ചെയ്ത് പൂർത്തിയാക്കാനാകും. അവിടെ

കോൺസ്റ്റിറ്റ്യൻസി മോണിറ്ററിംഗ് ടീം (സി.എം.ടി.) ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട്. സി.എം.ടി.-യുമായി ബന്ധപ്പെട്ട് ഇതിന്റെ മറ്റ് കാര്യങ്ങൾ പരിശോധിച്ച് എത്രയും വേഗം ഇത്തരം കാര്യങ്ങൾ നടപ്പിലാക്കി മുന്നോട്ടുപോകാനുള്ള എല്ലാ ശ്രമവും പി.ഡബ്ല്യൂ.ഡി. നടത്തുമെന്ന് സഭയെ അറിയിക്കുന്നു.

6. ഉപ്പള ഫ്ലൈ ഓവർ ബ്രിഡ്ജിന്റെ നീളം വർദ്ധിപ്പിക്കുന്നതിനും സർവ്വീസ് റോഡുകളിൽ ബസ് വേ, നടപ്പാത എന്നിവ നിർമ്മിക്കുന്നതിനും നടപടി

ശ്രീ. എ. കെ. എം. അഷ്റഫ്: സർ, തലപ്പാടി മുതൽ ചെങ്കള വരെയുള്ള എൻ.എച്ച്. 66-ന്റെ പ്രവൃത്തി കേരളത്തിന്റെ അതിർത്തിയായ മഞ്ചേശ്വരം നിയോജകമണ്ഡലത്തിൽ വളരെ മികച്ച രീതിയിൽ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. ബഹുമാന്യനായ മന്ത്രി ജില്ല സന്ദർശിച്ചപ്പോൾ പ്രത്യേകം സമയം കണ്ടെത്തി ആ മേഖലയിലും വന്നിരുന്നു. റോഡ് വികസനം വരുമ്പോഴുള്ള ജനങ്ങളുടെ വലിയ രീതിയിലുള്ള പ്രശ്നങ്ങൾ പലപ്പോഴും ഈ സഭയിൽ ഉന്നയിച്ചതാണ്. എന്റെ നിയോജകമണ്ഡലത്തിലെ ഞാൻ പഠിച്ച മഞ്ചേശ്വരം ഗോവിന്ദ പൈ ഗവൺമെന്റ് കോളേജിന്റെ പരിസരത്ത് മഞ്ചേശ്വരം, രാഗം എന്നീ പ്രദേശങ്ങളിലെ സ്ത്രീകളും കുട്ടികളും

അടക്കമുള്ള ജനങ്ങൾ 133 ദിവസമായി രാഗം പരിസരത്ത് രാഷ്ട്രീയത്തിനതീതമായി അണ്ടർ പാസ്സിനുവേണ്ടിയുള്ള ഒരു സമരം നടത്തിക്കൊണ്ടിരിക്കുകയാണ്. നമ്മുടെ അതിർത്തിയിലെ റെയിൽവേ സ്റ്റേഷനിലേയ്ക്കും കോളേജിലേയ്ക്കും ലാ കോളേജിലേയ്ക്കും പോകാൻ മൂന്ന് കിലോമീറ്റർ ചുറ്റിവരേണ്ട ഒരു സാഹചര്യമാണുള്ളത്. ബഹുമാന്യനായ മന്ത്രി കളക്ടർക്ക് ഒരു നിർദ്ദേശം നൽകി, അണ്ടർ പാസ്സ് അനുവദിച്ചുകൊണ്ട് ആ സമരം അവസാനിപ്പിക്കാൻ ഒരു ഇടപെടൽ നടത്തണമെന്ന് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുകയാണ്. ഉപ്പളയിൽ ഫ്ലൈഓവർ ലഭിച്ചുവെങ്കിലും 200 മീറ്റർ മാത്രമാണ് ലഭിച്ചിട്ടുള്ളത്. അത് അവസാനിക്കുന്ന സ്ഥലത്ത് മുതൽ വീണ്ടും മതിൽ വരുന്നുണ്ട്. 100 വർഷത്തെ പാരമ്പര്യമുള്ള ജാമിയ ഹനഫി മസ്ജിദിലേയ്ക്ക് ആളുകൾക്ക് പോകണമെങ്കിലും രണ്ടുമൂന്ന് കിലോ മീറ്റർ ചുറ്റിവരേണ്ട ഒരവസ്ഥ നിലനിൽക്കുകയാണ്. മുട്ടത്ത് സമരം നടന്നു. ആരിക്കാടി കടവത്തും കുമ്പളയിലും മാവിനക്കട്ടയിലും പെർവാഡും മൊഗ്രാൽ ഷാഹി മസ്ജിദ് അടക്കമുള്ള പ്രദേശങ്ങളിലുമുള്ളവർ കാലങ്ങളായി അനുഭവിച്ചുവന്നിരുന്ന സഞ്ചാര സ്വാതന്ത്ര്യം നിഷേധിക്കപ്പെട്ട

ഒരവസ്ഥയിലാണ്. അതോടൊപ്പം റോഡിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ടുകൊണ്ട് പല വീടുകളിലും വെള്ളം കയറി അവർ സങ്കടത്തിലാണ്. മാത്രമല്ല, നേരത്തെ റോഡിന്റെ നിർമ്മാണത്തിനായി വീട് സ്ഥിതി ചെയ്യുന്ന സ്ഥലം നൽകിയ ആളുകൾക്ക് മതിയായ സാമ്പത്തിക സഹായം ലഭിക്കാത്തതിന്റെ പേരിൽ അവർ കളക്ടറേറ്റിൽ പോയി ദിവസങ്ങളോളം കാത്തുനിൽക്കുന്ന ഒരവസ്ഥ അവിടെ നിലനിൽക്കുകയാണ്. 2,000 കോടി രൂപയുടെ റോഡ് നിർമ്മാണം മൂന്ന് വർഷംകൊണ്ട് പൂർത്തീകരിക്കുമെന്നാണ് പറഞ്ഞത്. പക്ഷേ 1000 ചതുരശ്രമീറ്റർ വീടിന്റെ ആർബിട്രേഷന് നാല് വർഷമായിട്ടും ഒരുപരിഹാരവും കാണാത്ത അവസ്ഥയാണ്. കാസർഗോഡ് ഹൈവേയുമായി ബന്ധപ്പെട്ട വർക്ക് ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയാണ് ഏറ്റെടുത്തിട്ടുള്ളത്. വളരെ നന്നായി റോക്കറ്റ് വേഗതയിൽ അതിന്റെ പണികൾ പൂർത്തീകരിക്കുന്നുണ്ട്. കേരളത്തിന്റെ അതിർത്തിയിൽത്തന്നെ എല്ലാവർക്കും അഭിമാനം തോന്നാവുന്ന രീതിയിലാണ് നമ്മുടെ റോഡ് തുടക്കത്തിൽത്തന്നെ കാണാൻ സാധിക്കുന്നത്. ബഹുമാന്യനായ മന്ത്രി കാസർഗോഡിന്റെ കാര്യം പ്രത്യേകം ശ്രദ്ധിച്ച്

നേരത്തെ സൂചിപ്പിച്ച മഞ്ചേശ്വരം രാഗം പ്രദേശത്തെ സമരം അടക്കമുള്ള വിഷയങ്ങളിലും ഞങ്ങളുടെ ജില്ലയുടെ ചുമതലയുള്ള ഒരാളെന്ന നിലയിലും ഈ വിഷയം മുൻനിർത്തി ഒരു യോഗം വിളിച്ച് ഓരോ കാര്യങ്ങളും പരിഹരിക്കാനുള്ള ഇടപെടൽ നടത്തണമെന്ന് ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കുകയാണ്.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, അദ്ദേഹം സബ്മിഷനിലൂടെ ഉന്നയിച്ച വിഷയം നേരത്തെ എന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളതാണ്. അതിലെ രണ്ട് കാര്യങ്ങളിൽ ശരിയായ അഭിപ്രായമല്ല പറഞ്ഞത്. ഒന്ന്, കാസർഗോഡ് ജില്ലയുടെ ചുമതല എനിക്കില്ല. രണ്ട്, മന്ത്രി നിർദ്ദേശിച്ചാൽ കളക്ടർ ഉടൻ അണ്ടർ പാസ് കൊണ്ടുവരുമെന്നുപറഞ്ഞാൽ അത് നിശ്ചയിക്കേണ്ടത് സംസ്ഥാന സർക്കാരല്ല ദേശീയപാത അതോറിറ്റിയാണ്. ആ രണ്ട് കാര്യങ്ങളും ശരിയല്ലെന്ന അഭിപ്രായം പറയുകയാണ്. അദ്ദേഹം ഈ വിഷയം ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. ദേശീയപാത 66-ന്റെ നിർമ്മാണ പ്രവൃത്തികളും അതുമായി ബന്ധപ്പെട്ട കാര്യങ്ങളും വളരെ വിശദമായി ഞങ്ങൾ ചർച്ച

ചെയ്തിരുന്നു. കേരളത്തിൽ ഏറ്റവും വേഗതയിൽ പ്രവൃത്തി നടക്കുന്ന റീച്ചാണ് മഞ്ചേശ്വരം, കാസർഗോഡ് നിയോജകമണ്ഡലങ്ങൾ ഉൾപ്പെടുന്ന തലപ്പാടി-ചെങ്കള റീച്ച്. ഈ റീച്ചിൽ 74 ശതമാനം പ്രവൃത്തി നിലവിൽ പൂർത്തിയായിക്കഴിഞ്ഞു. ആറ് വരി ഗതാഗതം പലയിടത്തും സാധ്യമായി. അത്യുത്തര കേരളത്തിന്റെ വികസനത്തിൽ ദേശീയപാത നിർമ്മാണം വളരെ പ്രധാന പങ്ക് വഹിക്കുന്നുണ്ട്. തലപ്പാടിയിൽ കേരള-കർണ്ണാടക അതിർത്തിയിൽപ്പോയാൽ ആ മാറ്റം നമുക്ക് കാണാൻ സാധിക്കും. കർണ്ണാടകത്തിൽനിന്ന് കേരളത്തിലേയ്ക്ക് പ്രവേശിക്കുമ്പോൾതന്നെ ആ മാറ്റം പ്രകടമാണ്. വിശാലമായ ആറ് വരിപ്പാത കേരളത്തിൽ സാധ്യമായതിന് ദേശീയ മാധ്യമങ്ങൾ അടക്കം അഭിനന്ദിക്കുകയുണ്ടായി. ഇത് 'The Hindu' പത്രമാണ് (ഒരു പേപ്പർ ഉയർത്തിക്കാണിച്ചു.) " Stark contrast in NHAI work on highways in Karnataka and Kerala" എന്ന് അതിൽ പറയുന്നുണ്ട്. കേരളത്തിലെ ദേശീയപാത വികസനത്തിന്റെ വേഗത വർദ്ധിപ്പിക്കുന്നതിന് സംസ്ഥാന സർക്കാർ നടത്തുന്ന ഏകോപനത്തെ 'The Hindu' പത്രം എടുത്തുപറഞ്ഞിട്ടുണ്ട്. നമ്മുടെ സംസ്ഥാനത്തെ ചില മാധ്യമങ്ങൾ അവരുടെ

ഉടമകളുടെ രാഷ്ട്രീയ താൽപ്പര്യത്തിന്റെ ഭാഗമായി സംസ്ഥാന സർക്കാരിനോട് വല്ലാത്ത സ്നേഹമുള്ളതുകൊണ്ട് ഇത് പലപ്പോഴും റിപ്പോർട്ട് ചെയ്യാറില്ല. കേരളത്തിന്റെ ദേശീയപാത പ്രവർത്തനത്തിന് നല്ല ഏകോപനമുണ്ടാകുന്നുവെന്നത് പൊതുവെ നമുക്കറിയാവുന്ന കാര്യമാണ്. എന്നാൽ ദേശീയപാത നിർമ്മാണവുമായി ബന്ധപ്പെട്ട് ജനങ്ങൾക്ക് കൂടുതൽ സൗകര്യം ലഭിക്കുന്നതിന് ചില വിഷയങ്ങൾ ഈ സബ്മിഷനിലൂടെ ശ്രീ. എ. കെ. എം. അഷ്റഫ് ചൂണ്ടിക്കാട്ടിയിട്ടുണ്ട്. ഇവ ദേശീയപാത അതോറിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. അടിപ്പാതകളിൽ നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിക്കാനുണ്ടെന്നാണ് ദേശീയപാത അതോറിറ്റി അറിയിച്ചിരിക്കുന്നത്. ഫിനിഷിംഗ് പ്രവൃത്തികൾ പൂർത്തീകരിക്കുന്നതോടെ പ്രശ്നപരിഹാരം സാധ്യമാകുമെന്ന പ്രതീക്ഷയും ദേശീയപാത അതോറിറ്റി നൽകുന്നു. ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് 1098 ആർബിട്രേഷൻ കേസ്സുകൾ തീർപ്പാക്കാനുണ്ട്. ഇത് വേഗത്തിൽ തീർപ്പാക്കാൻ നടപടി സ്വീകരിക്കണമെന്ന് ദേശീയപാത അതോറിറ്റിയോട് പ്രത്യേകം ആവശ്യപ്പെട്ടിട്ടുണ്ട്. അദ്ദേഹം പഠിച്ച ഗോവിന്ദ പൈ കോളേജിൽ നിലവിൽ അണ്ടർ പാസ്

അനുവദിക്കുന്നതിനുള്ള സാങ്കേതിക ബുദ്ധിമുട്ട് ദേശീയപാത അതോറിറ്റി ചൂണ്ടിക്കാട്ടിയിട്ടുണ്ട്. അവിടെ ഫുട്ട് ഓവർ ബ്രിഡ്ജ് പരിഗണിക്കുമെന്നാണ് എൻ.എച്ച്.എ.ഐ. അറിയിച്ചിട്ടുള്ളത്. പെർവാഡ് ഭാഗത്തും ഫുട്ട് ഓവർ ബ്രിഡ്ജ് പരിഗണനയിലുണ്ടെന്ന് ദേശീയപാത അതോറിറ്റി അറിയിച്ചിട്ടുണ്ട്. ഇതിനെക്കുറിച്ച് കൂടുതൽ ചർച്ച എം.എൽ.എ. പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ നടത്താവുന്നതാണ്. ഉപ്പളയിൽ ചെയിഞ്ച് ഓഫ് സ്കോപ്പായി 210 മീറ്റർ നീളമുള്ള ഫ്ലൈഓവറിന്റെ പ്രവൃത്തി ആരംഭിച്ചു. ഈ സാഹചര്യത്തിൽ ഫ്ലൈഓവറിന് നീളം കൂട്ടാനാകില്ലെന്നും ദേശീയപാത അതോറിറ്റി മറുപടി നൽകിയിട്ടുണ്ട്. ഈ അടുത്ത ദിവസംതന്നെ ദേശീയപാത നിർമ്മാണ പ്രവൃത്തി വിലയിരുത്താൻ ഉന്നതതല യോഗം ചേരുന്നുണ്ട്. പലയിടത്തും ഈ പ്രശ്നമുണ്ട്. ഇന്നലെ വടകര നിയോജകമണ്ഡലത്തിലെ ഇതുമായി ബന്ധപ്പെട്ട കാര്യങ്ങൾ ബഹുമാനപ്പെട്ട എം.എൽ.എ. ശ്രദ്ധയിൽപ്പെടുത്തി. അവിടെ ദേശീയപാത നിർമ്മാണത്തിന്റെ ഭാഗമായി മണ്ണിടിഞ്ഞുവീഴുന്ന പ്രശ്നമുണ്ടായിട്ടുണ്ട്. ബഹുമാനപ്പെട്ട അരൂർ അംഗം ശ്രദ്ധയിൽപ്പെടുത്തിയ വിഷയങ്ങളുമുണ്ട്. ദേശീയപാത നിർമ്മാണവുമായി ബന്ധപ്പെട്ട് പ്രത്യേകിച്ച് മഴക്കാലത്തുണ്ടാകുന്ന

ചില പ്രശ്നങ്ങൾ പരിശോധിക്കാൻ നാളെ ഒരു യോഗം വിളിച്ചുചേർത്തിട്ടുണ്ട്. അതിൽ കാര്യങ്ങൾ പരിശോധിക്കാം. മഞ്ചേശ്വരത്തിന്റെ വിഷയം ഒരിക്കൽക്കൂടി ദേശീയപാത അതോറിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്താമെന്നുള്ളത് സഭയെ അറിയിക്കുകയാണ്.

## 7. വൈക്കം കണിയാമ്പുഴ റോഡുകളുടെ വികസനം

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, തൃപ്പൂണിത്തുറ എസ്.എൻ. ജംഗ്ഷൻ-പൂത്തോട്ട റോഡ് വികസിപ്പിക്കുന്നതിനുവേണ്ടി സ്ഥലം ഏറ്റെടുക്കാൻ 450 കോടി രൂപ കിഫ്ബിയിൽനിന്ന് അനുവദിച്ച് 2020-ൽ സാമ്പത്തികാനുമതിയും നൽകിയിട്ടുണ്ട്. ഈ സ്ഥലം ഏറ്റെടുക്കുന്നതിന്റെ ഭാഗമായി സാമൂഹികാഘാത പഠനവും പബ്ലിക് ഹിയറിംഗും കഴിഞ്ഞ് ലെവൽ വൺ നോട്ടിഫിക്കേഷൻ നടത്തേണ്ട ഘട്ടം എത്തിയപ്പോൾ ഇക്കാര്യങ്ങൾ വീണ്ടും റിവ്യൂ ചെയ്തു. അങ്ങനെവന്നപ്പോൾ ഒൻപത് ജംഗ്ഷനുകൾ വികസിപ്പിക്കാനും ബസ് ഷെൽറ്ററിനും പുതുതായി സ്ഥലം ഏറ്റെടുക്കണമെന്നുള്ള തീരുമാനം വരുകയുണ്ടായി. ഈ സാഹചര്യത്തിൽ ഇതിന്റെ അക്വിസിഷൻ നടപടി നീണ്ടുപോകുകയാണ്. കിഫ്ബിയുടെ ഹെഡ്

ഓഫീസ് തലത്തിലുള്ള ഉദ്യോഗസ്ഥരും സി.ഇ.ഒ. ഉൾപ്പെടെയുള്ളവരെല്ലാവരും വളരെയേറെ താൽപ്പര്യമെടുന്ന ഒരു പദ്ധതിയാണിത്. ഞാൻ അവരെയാരേയും കുറ്റപ്പെടുത്തുന്നില്ല. പക്ഷേ പദ്ധതി അനിശ്ചിതമായി നീണ്ടുപോകുന്നുവെന്നതാണ് യാഥാർത്ഥ്യം. ഈ റോഡിന്റെ ഇരുവശങ്ങളിലുമുള്ള ആളുകൾക്ക് വീടുവയ്ക്കാനും സ്ഥലം വിൽക്കാനും മറ്റ് യാതൊരു നിർമ്മാണ പ്രവർത്തനങ്ങൾ നടത്താനും സാധിക്കുന്നില്ല. മുഴുവൻ സമയവും ഈ റോഡ് ഗതാഗതക്കുരുക്കിലുമാണ്. അതുകൊണ്ട് ഈ പ്രശ്നത്തിന് അടിയന്തരമായി പരിഹാരമുണ്ടാക്കാൻ നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. അതിനായി ആദ്യം സ്ഥലം ഏറ്റെടുക്കാൻ തീരുമാനിച്ച നടപടികളുമായി മുന്നോട്ടുപോകുകയും പുതുതായി ഏറ്റെടുക്കാൻ തീരുമാനിച്ച ജംഗ്ഷനുകളുടെ വികസനത്തിനും ബസ് ഷെൽറ്ററിനുമുള്ള സ്ഥലത്തിന് അഡീഷണൽ അക്വിസിഷൻ നൽകി ഏറ്റെടുക്കാനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്താൽ കാര്യങ്ങൾ വേഗത്തിലാക്കാൻ സാധിക്കും. ഇതുവരെയുള്ള അനുഭവത്തിൽ കിഫ്ബിയിൽ ഡെപ്യൂട്ടേഷനിൽ വരുന്ന ഉദ്യോഗസ്ഥന്മാരൊന്നും ഇക്കാര്യത്തിൽ വലിയ താൽപ്പര്യമെടുക്കുന്നില്ല.

ഇപ്പോൾ പുതിയ ഒരാൾ ചാർജ്ജെടുത്തിട്ടുണ്ട്. ഹെഡ് ഓഫീസ് തലത്തിൽ നല്ല താൽപ്പര്യമെടുക്കുന്നുണ്ടെങ്കിലും താഴെത്തട്ടിലുള്ള ഉദ്യോഗസ്ഥർ ഇക്കാര്യത്തിൽ വലിയ താൽപ്പര്യമെടുക്കുന്നില്ല. താൽക്കാലിക ഉദ്യോഗസ്ഥരെയാണ് എ.ഇ.-യായി നിയമിക്കുന്നത്. അവരാണ് മണ്ഡലതലത്തിലുള്ള യോഗങ്ങളിൽ പങ്കെടുക്കുന്നത്. ഇക്കാര്യങ്ങളിൽ അടിയന്തര നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. അതുപോലെതന്നെ ബജറ്റിൽ പ്രഖ്യാപിച്ച തൃപ്പൂണിത്തുറ-ഏരൂർ-കണിയാമ്പുഴ റോഡ്, ഇൻഫോ പാർക്കിൽനിന്നുമുള്ള ആളുകൾക്ക് വൈറ്റിലയിലേയ്ക്ക് വേഗത്തിൽ എത്തിച്ചേരാൻ സാധിക്കുന്ന ഒരു റോഡാണ്. ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രിക്ക് അറിയാവുന്ന പ്രദേശമാണിത്. അതിന്റെയും ലാൻഡ് അക്വിസിഷൻ നടപടി കാര്യമായി മുന്നോട്ടുപോകുന്നില്ല. ഈ രണ്ട് പദ്ധതികളും വേഗത്തിലാക്കാൻ അടിയന്തര നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, ബഹുമാന്യനായ ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) ഉന്നയിച്ചിട്ടുള്ള വിഷയം, എസ്.എൻ. ജംഗ്ഷൻ-പൂത്തോട്ട റോഡ് നാല്

വരിപ്പാതയാക്കുന്നതിന് 300 കോടി രൂപയ്ക്ക് തത്വത്തിൽ ഭരണാനുമതിയും ഭൂമി ഏറ്റെടുക്കുന്നതിന് 450 കോടി രൂപയുടെ സാമ്പത്തിക അനുമതിയും നൽകിയിട്ടുണ്ട്. ഈ പദ്ധതി രണ്ട് ഘട്ടങ്ങളിലായി പൂർത്തീകരിക്കാനാണ് കിഫ്ബി തീരുമാനിച്ചിട്ടുള്ളത്. ഒന്നാം ഘട്ടം എസ്.എൻ. ജംഗ്ഷൻ മുതൽ പുത്തൻകാവ് ജംഗ്ഷൻ വരെയും രണ്ടാം ഘട്ടം പുത്തൻകാവ് ജംഗ്ഷൻ മുതൽ പൂത്തോട്ട വരെയുമാണ്. ഇരുവശത്തും ഡ്രെയിനേജും ഫുട്ട് പാത്തും ഉൾപ്പെടെ 22 മീറ്റർ വീതിയിൽ നാല് വരിയായി കിഫ്ബി മാനദണ്ഡങ്ങൾ പ്രകാരമാണ് റോഡ് വികസനം നടത്താൻ ഉദ്ദേശിക്കുന്നത്. റോഡ് നിർമ്മാണത്തിന് ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. പദ്ധതിയുടെ സാമൂഹിക ആഘാത പഠനം നടത്തി വിദഗ്ധ സമിതിയുടെ അംഗീകാരം നേടിയിട്ടുണ്ട്. കിഫ്ബി ഉദ്യോഗസ്ഥർ 2024 ഏപ്രിൽ 6-ന് സ്ഥലം പരിശോധിച്ചിരുന്നു. ഇതുപ്രകാരം ബസ്ബേ, ജംഗ്ഷൻ ഇംപ്രൂവ്മെന്റ് എന്നിവ ഉൾപ്പെടുത്തി അലൈൻമെന്റ് റിവൈസ് ചെയ്യുന്നതിന് കിഫ്ബിയിൽനിന്ന് നിർദ്ദേശം ലഭ്യമായിട്ടുണ്ട്. ലഭ്യമായ നിർദ്ദേശങ്ങൾ പ്രകാരം ഡി.പി.ആർ. പുതുക്കി തയ്യാറാക്കുന്നതിനും അലൈൻമെന്റ് റിവിഷൻ ചെയ്യുന്നതിനുമായി

പൊതുമരാമത്ത് ഡിസൈൻ വിഭാഗത്തിന് സമർപ്പിച്ചിട്ടുണ്ട്. ഇക്കാര്യം വേഗത്തിലാക്കാനുള്ള ഇടപെടൽ നടത്താം. നിലവിൽ പദ്ധതിയുടെ ഡി.പി.ആർ. പുതുക്കുന്നതിന് ആവശ്യമായ നടപടികൾ ഡിസൈൻ വിഭാഗത്തിൽ പുരോഗമിക്കുന്നുണ്ട്. ഡി.പി.ആർ., പുതുക്കിയ അലൈൻമെന്റ് എന്നിവ ലഭിക്കുന്ന മുറയ്ക്ക്, അധികമായി വേണ്ടിവരുന്ന ഭൂമിക്ക് അതിർത്തിക്കല്ലുകൾ സ്ഥാപിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

ഏരൂർ-കണിയാമ്പുഴ റോഡ് പ്രവൃത്തിക്ക് പത്ത് കോടിരൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിക്കുവേണ്ടി സമർപ്പിച്ച റോഡ് അലൈൻമെന്റിനും അംഗീകാരം നൽകിയിട്ടുണ്ട്. പ്രവൃത്തി നടപ്പാക്കുന്നതിനായി എറണാകുളം ജില്ലയിലെ കണയന്നൂർ താലൂക്കിലെ നടമ വില്ലേജിൽ നിന്നും 463 സെന്റ് സ്ഥലം ഏറ്റെടുക്കേണ്ടതുണ്ട്. ഇതുസംബന്ധിച്ച റവന്യൂ വകുപ്പിന്റെ ഉത്തരവ് ലഭിച്ചിട്ടുണ്ട്. തുടർന്ന് സ്പെഷ്യൽ തഹസിൽദാർ NH-3-യ്ക്ക് അപ്രൂവ്ഡ് അലൈൻമെന്റിന്റെ സ്കെച്ച് കൈമാറിയിട്ടുണ്ട്. ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിക്കുകയാണ്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ, വിഷയവുമായി ബന്ധപ്പെട്ട് താഴേത്തട്ടിലുള്ള

ഉദ്യോഗസ്ഥരുടെ ഏതെങ്കിലും തരത്തിലുള്ള അനാസ്ഥയോ നിസ്സംഗതയോ ശ്രദ്ധയിൽപ്പെടുകയാണെങ്കിൽ പരിശോധിച്ച് അറിയിക്കാവുന്നതാണ്.

8. പട്ടാമ്പി താലൂക്ക് ആശുപത്രിയുടെ സമഗ്ര വികസനം

ശ്രീ. മുഹമ്മദ് മുഹസിൻ: സർ, പട്ടാമ്പി നിയോജകമണ്ഡലത്തിലെ സാധാരണ ജനങ്ങൾ ഏറ്റവും കൂടുതൽ ആശ്രയിക്കുന്ന ആശുപത്രിയാണ് പട്ടാമ്പി താലൂക്ക് ഹെഡ്ക്വാട്ടേഴ്സ് ഹോസ്പിറ്റൽ. ശരാശരി ആയിരത്തി ഒരുന്നൂറോളം ഒ.പി.യുള്ള ഒരു ആശുപത്രിയാണിത്. നിരവധി ആളുകൾ ആശ്രയിക്കുന്ന ഈ ആശുപത്രി ഇപ്പോഴും പരിതാപകരമായ സാഹചര്യത്തിലാണുള്ളത്. എല്ലാ ദിവസവും ആശുപത്രിയിലേയ്ക്ക് വരുന്ന ആളുകൾ നിരവധി പരാതികളും ബോധിപ്പിക്കാറുണ്ട്. അതിന് പല കാരണങ്ങളുണ്ടെന്ന് മനസ്സിലാക്കുന്നു. ഇൻഫ്രാടക്ച്ചർ വേണ്ടത്രയില്ലെന്നത് പ്രധാന കാര്യമാണ്. പതിനഞ്ച് കോടി രൂപ അനുവദിച്ചെങ്കിലും റെയിൽവേയുടെ അനുമതി ലഭ്യമാകാതെ പ്രവൃത്തി മുടങ്ങിക്കിടക്കുകയാണ്. കുട്ടികളുടെ ഐ.സി.യു. അവിടെ യാഥാർത്ഥ്യമാക്കി. പക്ഷെ അത് വേണ്ടത്ര ഉപയോഗിക്കുന്നില്ലെന്ന ആക്ഷേപവും പരാതിയുമുണ്ട്. ഡയാലിസിസ്

സെന്ററിന് എം.എൽ.എ. ഫണ്ടിൽനിന്നുതന്നെ വിവിധ ഘട്ടങ്ങളിൽ ആശുപത്രി ആവശ്യപ്പെട്ട അത്രയും ഫണ്ട് കൊടുത്തിട്ടുണ്ട്. ബഹുമാനപ്പെട്ട മന്ത്രി നേരിട്ട് സ്ഥലത്തെത്തി, പ്രവൃത്തി ഉടനെ ആരംഭിക്കുമെന്ന് ഉറപ്പ് നൽകിയതാണ്. അതിനുശേഷം ഓരോ ഘട്ടത്തിലും ഓരോ പുതിയ പ്രശ്നങ്ങൾ ഉണ്ടാകുകയാണ്. അതെല്ലാം പരിഹരിക്കാൻ ഫണ്ട് അനുവദിക്കുകയും സൗകര്യങ്ങൾ ചെയ്തിട്ടും നാളിതുവരെ അത് ആരംഭിക്കാനായില്ല. ഡിജിറ്റൽ എക്സ്റേയ്ക്ക് 2016-ൽ കൊടുത്ത ഫണ്ട് ഇതുവരെ യാഥാർത്ഥ്യമാക്കാൻ കഴിഞ്ഞിട്ടില്ല. അതിനിടയിൽ വേറെ എക്സ്റേ സംവിധാനവും കൊണ്ടുവരേണ്ടി വന്നു. നിലവിൽ അതും പ്രവർത്തനരഹിതമാണ്. അതും ശരിയാക്കേണ്ടതുണ്ട്. ഒരു ഡിജിറ്റൽ എക്സ്റേ കൂടി വാങ്ങുന്നതിനുവേണ്ടി ഫണ്ട് നൽകിയിട്ടും പല കാരണങ്ങൾകൊണ്ടും അത് യാഥാർത്ഥ്യമാക്കാൻ കഴിഞ്ഞിട്ടില്ല. താലൂക്ക് ആശുപത്രിയാണെങ്കിലും സ്റ്റാഫുകളുടെ അപര്യാപ്തതയുണ്ട്. സ്റ്റാഫ് പാറ്റേൺ അപ്ഗ്രേഡ് ചെയ്യാത്തതുകൊണ്ടുള്ള പ്രശ്നമാണിത്. കൂടാതെ പ്രതിരോധ കുത്തിവയ്പ്പിനുള്ള സംവിധാനമില്ല. ഒരു താലൂക്ക് ആശുപത്രിയെന്ന നിലയിൽ അസിസ്റ്റന്റ് സർജൻ, ഓർത്തോ, ഇ.എൻ.ടി., ഒഫ്ത്താൽമോളജി, സൈക്യാട്രി

വിഭാഗങ്ങളിൽ സ്പെഷ്യലിസ്റ്റ് ഡോക്ടർമാരില്ല. അതുകാരണം ജനങ്ങൾ ഏറെ ബുദ്ധിമുട്ടുന്നുണ്ട്. ഓഫീസ് സ്റ്റാഫുകളിൽ രണ്ട് ക്ലാർക്കും ഒരു ഒ.എ.യും മാത്രമാണുള്ളത്. ലേ സെക്രട്ടറി, ഹെഡ് ക്ലാർക്ക് തുടങ്ങിയ പോസ്റ്റുകൾ ക്രിയേറ്റ് ചെയ്യാത്തതുകാരണം ഓഫീസുമായി ബന്ധപ്പെട്ട മറ്റുപല പ്രവർത്തനങ്ങളും നടക്കുന്നില്ല. ഇങ്ങനെയുള്ള നിരവധി പ്രശ്നങ്ങൾ കാരണം ആശുപത്രിയിൽ വരുന്ന ആളുകൾ പരാതികളോടുകൂടിയാണ് മടങ്ങുന്നത്. ഇക്കാര്യങ്ങൾ പരിഹരിക്കുന്നതിനും സമഗ്ര നവീകരണത്തിനുമായി പാതി വഴിയിലായ പ്രേജക്ട് ഉൾപ്പെടെ വളരെ വേഗത്തിൽ പൂർത്തിയാക്കാനുള്ള സംവിധാനം ചെയ്യണം. സമഗ്ര നവീകരണത്തിനായി ഒരു നോഡൽ ഓഫീസറെ നിയമിക്കുകയാണെങ്കിൽ പ്രോജക്ടുകൾ ദ്രുതഗതിയിലാക്കാൻ സാധിക്കുമെന്ന നിർദ്ദേശവും മുന്നോട്ടുവയ്ക്കുകയാണ്. ബ്ലഡ് ബാങ്ക് അടക്കമുള്ള സംവിധാനം കൊണ്ടുവരാൻ ഫണ്ട് നൽകാൻ തയ്യാറാണ്. പക്ഷെ അടിസ്ഥാനസൗകര്യങ്ങളുടെ അപര്യാപ്തതമൂലം അതെല്ലാം അപൂർണ്ണമായി നിൽക്കുന്ന സ്ഥിതിയാണുള്ളത്. ഈ വിഷയത്തിൽ ബഹുമാനപ്പെട്ട വകുപ്പുമന്ത്രി അടിയന്തരമായി ഇടപെടണമെന്ന് അഭ്യർത്ഥിക്കുന്നു.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, പാലക്കാട് ജില്ലയുടെ പടിഞ്ഞാറൻ അതിർത്തിയിലുള്ള പട്ടാമ്പി താലൂക്കിലെ സാധാരണക്കാരായ ജനങ്ങൾ ആശ്രയിക്കുന്ന ആശുപത്രിയാണ് പട്ടാമ്പി താലൂക്ക് ആശുപത്രി. അവിടെ ഒരു ദിവസത്തെ ശരാശരി ഒ.പി. എഴുന്നൂറും ഐ.പി. അറുപതുമാണ്. എഴുപത്തിയാറ് കിടക്കകളാണ് ടി ആശുപത്രിയിലുള്ളത്. ബഹുമാന്യനായ അംഗം ഇവിടെ സൂചിപ്പിച്ചതുപോലെ ആശുപത്രിയുടെ നവീകരണത്തിനായി പുതിയ ഒ.പി.-കാഷ്വാലിറ്റി ബ്ലോക്കിന്റെ നിർമ്മാണത്തിനുവേണ്ടി കിഫ്ബിയിലൂടെ പണം അനുവദിച്ചിരുന്നു. പക്ഷെ റെയിൽവേയുമായി ബന്ധപ്പെട്ട് സ്ഥലത്തിന്റെ അനുമതി ലഭ്യമാകാതെ കുറച്ചുനാൾ ഇതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ മുന്നോട്ടുപോകാനാകാത്ത സ്ഥിതിയുണ്ടായി. 2020 ജൂലൈയിലാണ് ഭരണാനുമതി ലഭിച്ചത്. ഹൈറ്റ്സ് ആണ് നിർവ്വഹണ ഏജൻസി. ഒൻപത് കോടി തൊണ്ണൂറ് ലക്ഷം രൂപയുടേതായിരുന്നു ആദ്യം പ്രോജക്ട് റിപ്പോർട്ട് സമർപ്പിച്ചത്. പക്ഷെ കെട്ടിട നിർമ്മാണത്തിന് ഉദ്ദേശിച്ച സ്ഥലത്ത് റെയിൽവേയുടെ അനുമതി ലഭ്യമാകാത്ത സാഹചര്യത്തിൽ പുതിയ

സ്ഥലത്തേയ്ക്ക് മാറ്റുകയാണുണ്ടായത്. 2023 മാർച്ച് മാസത്തിൽ പതിനഞ്ച് കോടി അൻപത് ലക്ഷം രൂപയുള്ള പുതുക്കിയ ഡി.പി.ആർ. എസ്.പി.വി.-ആയ ഹൈറ്റ്സ് കിഫ്ബിക്ക് സമർപ്പിച്ചിട്ടുണ്ട്. പുതിയ ബ്ലോക്കിന്റെ വിസ്തൃതി 2081 ചതുരശ്രമീറ്ററാണ്. ഈ ബ്ലോക്ക് വരുന്നതോടുകൂടി ഇപ്പോൾ അവിടെയുള്ള തിക്കും തിരക്കും വലിയ രീതിയിൽ പരിഹരിക്കാൻ കഴിയും. G+3, നാല് നിലകളോടുകൂടിയതാണ് പുതിയ ബ്ലോക്ക്. ഒ.പി., കാഷ്വാലിറ്റി, ഡയഗനോസ്റ്റിക് തുടങ്ങിയ സംവിധാനങ്ങളുണ്ട്. ഈ വിഷയത്തിൽ ബഹുമാനപ്പെട്ട അംഗം വളരെ നല്ല രീതിലുള്ള റിവ്യൂ നടത്തുന്നുണ്ട്. രണ്ട് മൂന്ന് ആഴ്ചകൾക്കുമുമ്പ് ഇതുമായി ബന്ധപ്പെട്ട മീറ്റിംഗ് ഉണ്ടായിരുന്നു. ഡിസൈൻ റിവ്യൂ സംബന്ധിച്ച പരിശോധനകൾ കിഫ്ബിയിൽ പുരോഗമിക്കുന്നുണ്ട്. പരിശോധന പൂർത്തിയായി കിഫ്ബിയിൽ നിന്ന് ധനാനുമതി ലഭ്യമാകുന്ന മുറയ്ക്ക് ടെണ്ടർ നടപടികൾ സ്വീകരിക്കാൻ കഴിയും. ഡയാലിസിസ് യൂണിറ്റുമായി ബന്ധപ്പെട്ട കാര്യത്തിൽ ഒരു കോടി എഴുപത്തി നാല് ലക്ഷം രൂപയാണ് അനുവദിച്ചിട്ടുള്ളത്. അതിൽ സാങ്കേതികമായ ചില തടസ്സങ്ങൾ ഉണ്ടായിരുന്നു. ഡി.എം.ഒ.ഓഫീസിൽ നിന്നാണ് യൂണിറ്റ് വാങ്ങേണ്ടത്. സപ്ലൈ ഓർഡർ

കൊടുത്തതിനുശേഷം കമ്പനിയുമായി KMSCL ഇടപെടുകയും രണ്ടാഴ്ചയ്ക്കുള്ളിൽ മെഷീനുകൾ എത്തിക്കാമെന്ന് അറിയിച്ചിട്ടുമുണ്ട്. പവറുമായി ബന്ധപ്പെട്ടുള്ള മറ്റൊരു പ്രശ്നവുമുണ്ടായിരുന്നു. സിംഗിൾ ഫേസ് വയറിംഗ് മാറ്റി ഡയാലിസിസ് മെഷീനുകൾക്ക് പ്രവർത്തിക്കാൻ ആവശ്യമായ ത്രീഫേസ് വയറിംഗ് ചെയ്യുന്നതിനാവശ്യമായ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. അതുകൂടി അനുവദിക്കേണ്ടതായിട്ടുണ്ട്. ബഹുമാനപ്പെട്ട എം.എൽ.എ. ഫണ്ട് നൽകാൻ തയ്യാറാണെന്ന നിലയിൽ വളരെ പോസിറ്റീവായ സമീപനമാണ് സ്വീകരിച്ചിട്ടുള്ളത്. കുട്ടികളുടെ ICU-യിൽ ഇപ്പോൾ പത്ത് ബെഡ്ഡുകളാണ് സജ്ജീകരിച്ചിട്ടുള്ളത്. നാൽപ്പത്തിയേഴ് ലക്ഷം രൂപയാണ് നിർമ്മാണച്ചെലവ്. രണ്ട് പീഡിയാട്രിക് ഡോക്ടർമാരാണ് അവിടെയുള്ളത്. ഇരുപത്തൊന്ന് സ്റ്റാഫ് നേഴ്സുകൾക്ക് പരിശീലനം നൽകിയിട്ടുണ്ട്. നിലവിൽ രോഗികളെ അഡ്മിറ്റ് ചെയ്യാൻ ആരംഭിച്ചിട്ടുണ്ട്. പട്ടാമ്പി താലൂക്ക് ആശുപത്രിയിൽ കമ്പ്യൂട്ടറൈസ്ഡ് റേഡിയോഗ്രാഫി മെഷീനാണുള്ളത്. ബഹു. എം.എൽ.എ. ഡിജിറ്റൽ മെഷീന്റെ കാര്യം സൂചിപ്പിച്ചിരുന്നു. 2019-ൽ മറ്റൊരു വർക്ക് മാറ്റിക്കൊടുത്തതായി കാണുന്നുണ്ട്. അതിന്മേൽ സാങ്കേതിക അനുമതി ലഭ്യമാകേണ്ടതുണ്ടെന്നും ഇത്

ആരോഗ്യ വകുപ്പിലേയ്ക്ക് എത്തിയിട്ടില്ലെന്നും പരിശോധനയിൽനിന്ന് മനസ്സിലാക്കുന്നു. പുതിയ കെട്ടിടം സാധ്യമാകുന്നതോടുകൂടി ഡിജിറ്റൽ എക്സ്റേ യൂണിറ്റ് പ്രവർത്തിപ്പിക്കാൻ കഴിയും. Gap analysis നടത്തി ബാക്കിയുള്ള തസ്തികകൾ സൃഷ്ടിക്കുന്ന കാര്യം സർക്കാർ പരിശോധിക്കുന്നുണ്ട്. എല്ലാ ആശുപത്രികൾക്കും നിർമ്മാണ പ്രവർത്തനങ്ങളുടെ ചുമതലയുമായി ബന്ധപ്പെട്ട് ഒരു നോഡൽ ഓഫീസർ ഉണ്ടാകണമെന്നത് സർക്കുലർ വഴി അറിയിച്ചിട്ടുള്ളതാണ്. കൂടാതെ എല്ലാ നിയോജകമണ്ഡലങ്ങൾക്കും ഡെപ്യൂട്ടി ഡി.എം.ഒ. തസ്തികയിലുള്ള ഉദ്യോഗസ്ഥൻ നോഡൽ ഓഫീസറായി ഉണ്ടാകണം. എം.എൽ.എ.മാരെക്കൂടി കോഡിനേറ്റ് ചെയ്തുകൊണ്ട് അവരുടെ നേതൃത്വത്തിൽ മീറ്റിംഗുകൾ നടത്തണമെന്ന കാര്യത്തിലും സർക്കുലർ നൽകിയിട്ടുണ്ട്. ആവശ്യമെങ്കിൽ ഇപ്പോഴുള്ള നോഡൽ ഓഫീസറെ മാറ്റി പുതിയൊരാളെ നിയമിക്കാവുന്നതാണ്.

9. സൗജന്യ ചികിത്സാ പദ്ധതികളിന്മേൽ ആശുപത്രികൾക്ക് നൽകാനുള്ള കുടിശ്ശിക

ശ്രീ. എ. പി. അനിൽ കുമാർ: സർ, സർക്കാർ ആശുപത്രികളിലും സ്വകാര്യ ആശുപത്രികളിലും നടപ്പാക്കിവരുന്ന, സർക്കാരിന് കീഴിലുള്ള വിവിധ ആരോഗ്യ സുരക്ഷാ പദ്ധതികൾക്ക് ആവശ്യമായ പണം നൽകാത്തതിന്റെ പേരിൽ ഇന്ന് സാധാരണ രോഗികൾ വളരെയധികം ബുദ്ധിമുട്ട് അനുഭവിക്കുകയാണ്. ഏറ്റവും അധികം സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്ന കാലഘട്ടമാണിത്. വിലക്കയറ്റം അതിരൂക്ഷമാണ്. ഈ സാഹചര്യത്തിൽ സാധാരണക്കാരന് ഒരു രോഗം വന്നാൽ സർക്കാർ ആശുപത്രികളെയാണ് ആശ്രയിക്കുന്നത്. അവിടെ അവർക്ക് ലഭിക്കുന്ന സുരക്ഷാ പദ്ധതികളിലൂടെയാണ് ചികിത്സ മുന്നോട്ടുപോകേണ്ടത്. കാരുണ്യ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി മുതൽ കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി (KASP) വരെയുള്ള പതിനാലോളം ആരോഗ്യ ഇൻഷ്വറൻസ് സ്കീമുകൾ നമുക്കുണ്ട്. ഗവൺമെന്റ് ഭൂരിഭാഗം സ്കീമുകളിലും കുടിശ്ശിക തുക കൊടുക്കാനുള്ളതുകൊണ്ടുതന്നെ പല പദ്ധതികളും ഇന്ന്

നിശ്ചലാവസ്ഥയിലാണ്. ആവാസ്, താലോലം, ശ്രുതി തരംഗം തുടങ്ങിയ ഇൻഷ്വറൻസ് സ്കീമുകൾ പൂർണ്ണമായി നിലച്ചിരിക്കുകയാണ്. ബഹുമാനപ്പെട്ട ആരോഗ്യവകുപ്പുമന്ത്രി ഇന്ന് റൂൾ 50-യ്ക്ക് മറുപടി പറഞ്ഞ അവസരത്തിൽ NHM-ൽ നിന്നും 637 കോടി രൂപ ലഭിക്കാനുണ്ടെന്ന് സൂചിപ്പിച്ചിരുന്നു. ഇക്കഴിഞ്ഞ 28-ാം തീയതി നൽകിയ മറുപടിയിലും അക്കാര്യം വ്യക്തമാക്കിയിട്ടുണ്ട്. അതേ മറുപടിയിൽ തന്നെ കാരുണ്യ പദ്ധതിയിൽ 1555 കോടി രൂപ നൽകാനുണ്ടെന്നതും സംസ്ഥാന സർക്കാർ നൽകേണ്ട കുടിശ്ശിക തുകകളെക്കുറിച്ചും വളരെ വ്യക്തമായി സൂചിപ്പിക്കുന്നുണ്ട്. വലിയ കുടിശ്ശിക നിൽക്കുന്നതുകൊണ്ടുതന്നെ പല ആശുപത്രികളും..... പ്രത്യേകിച്ച് MEDISEP പോലുള്ള പദ്ധതികൾ ജീവനക്കാരുടേയും പെൻഷൻകാരുടേയും ഒരു ആശ്രയമാണ്. യഥാർത്ഥത്തിൽ ഇന്ന് മെഡിസെപ്പിന്റെ സ്ഥിതിയെന്താണ്? സ്വകാര്യ ആശുപത്രിയിൽ എത്തുമ്പോൾ, സ്കീമുമായി ബന്ധപ്പെട്ട് പണം ലഭിച്ചിട്ടില്ലെന്ന കാരണത്താലും കുറേയധികം ഡിപ്പാർട്ട്മെന്റുകളിൽ അതുമായി ബന്ധപ്പെട്ട ചികിത്സ സ്കീമിൽ ഉൾപ്പെടുത്തിയിട്ടില്ല എന്ന കാരണത്താലും രോഗികൾ മറ്റ് ആശുപത്രികളിൽ പോയി ചികിത്സിക്കേണ്ട സാഹചര്യമാണ്.

ഇത്തരത്തിൽ പല കാര്യങ്ങളിലും രോഗികൾ ഇന്ന് ബുദ്ധിമുട്ട് അനുഭവിക്കുന്നുണ്ട്. ജനങ്ങൾക്ക് പരമാവധി ചികിത്സ ലഭ്യമാക്കുന്നതിനുവേണ്ടി ആവശ്യമായ പണം ഇത്തരം സ്കീമുകൾക്ക് അനുവദിച്ച് സൗജന്യ ചികിത്സ ഉറപ്പുവരുത്താൻ സംസ്ഥാന ഗവൺമെന്റും ആരോഗ്യവകുപ്പും പ്രത്യേക താൽപ്പര്യമെടുക്കണമെന്നാണ് എനിക്ക് ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കാനുള്ളത്.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, എല്ലാവർക്കും ആരോഗ്യപരിരക്ഷയെന്നുള്ളത് തന്നെയാണ് സർക്കാരിന്റെ നയം. അതുകൊണ്ട് കാതലായിട്ടുള്ള മാറ്റം നമുക്ക് ഈ മേഖലയിൽ ഉണ്ടായിട്ടുണ്ട്. ഞാൻ ഇന്നു രാവിലെ പറഞ്ഞതുപോലെ മുമ്പ് ഒരു കുടുംബത്തിന് 30,000 രൂപയെന്നുള്ളത് ഇപ്പോൾ ഒരു കുടുംബത്തിന് 5,00,000 രൂപയാണ് കൊടുക്കുന്നത്. 2020-21-ലെ കണക്കെടുത്താൽ സ്റ്റേറ്റ് ഹെൽത്ത് ഏജൻസി നിലവിൽ വന്നതിനുശേഷം ചിസ്, വിവിധങ്ങളായിട്ടുള്ള സ്കീമുകൾ ഇന്റർഗ്രേറ്റ് ചെയ്തുകൊണ്ടാണ് സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയിൽ നമ്മൾ ആരോഗ്യ പരിരക്ഷ

ഉറപ്പാക്കുന്നത്. അന്ന് 2020-21-ൽ രണ്ടുലക്ഷത്തിൽപ്പരം കുടുംബങ്ങളിലെ 2,62,571 ഗുണഭോക്താക്കളാണ് ചികിത്സ തേടിയതെങ്കിൽ ഇന്ന് 6,39,955 ഗുണഭോക്താക്കളാണ് 2023-24 കാലയളവിലുള്ളത്. 2024-25 കാലയളവിൽ ഇതുവരെ 1,07,396 ഗുണഭോക്താക്കളും കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയുടെ ഭാഗമായുണ്ട്. അതുകൊണ്ടാണ് കഴിഞ്ഞ വർഷങ്ങളിൽ 1600 കോടി രൂപയ്ക്കടുത്താണ് ഒരു വർഷം സംസ്ഥാന സർക്കാർ ചെലവഴിക്കുന്നത്. അതിൽ കേന്ദ്രത്തിന്റെ വിഹിതമായി ഒരു കുടുബത്തിന് ലഭിക്കുന്നത് 162 രൂപയാണ്. അതുകൂടാതെ സംസ്ഥാനത്ത് മൂന്നുലക്ഷം രൂപയിൽ താഴെ വാർഷിക കുടുംബ വരുമാനമുള്ള കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ അംഗങ്ങളല്ലാത്ത കുടുംബങ്ങൾക്ക് നൽകിവരുന്ന ആരോഗ്യ അനുകൂല പദ്ധതിയാണ് കാരുണ്യ ബനവലന്റ് ഫണ്ട് (KBF). ലോട്ടറി വകുപ്പ് നടപ്പിലാക്കിവരുന്ന ഈ പദ്ധതി പ്രകാരവും ഇതുകൂടാതെ KASP പദ്ധതിയിൽ ഉൾപ്പെടാത്ത ആളുകൾക്ക് (മൂന്നുലക്ഷം രൂപയിൽ താഴെ വാർഷിക

വരുമാനമുള്ളവർക്ക്) രണ്ടുലക്ഷം രൂപ ചികിത്സാ ആനുകൂല്യവും വൃക്ക സംബന്ധമായ രോഗങ്ങൾ ഉള്ളവരാണെങ്കിൽ ഒരു ലക്ഷം രൂപയുടെ ആനുകൂല്യംകൂടി അധികമായി ലഭിക്കുന്നുണ്ട്. പതിനെട്ട് വയസ്സിൽ താഴെ പ്രായമുള്ള കുട്ടികളുടെ സമഗ്ര ആരോഗ്യ സംരക്ഷണത്തിനുള്ള സേവനങ്ങൾ ഒരു കുടക്കീഴിൽ ഉറപ്പുവരുത്തുന്ന പദ്ധതിയാണ് ആരോഗ്യകിരണം. രാഷ്ട്രീയ ബാൽ സ്വാസ്ഥ്യ കാര്യക്രം (RBSK) പദ്ധതി പ്രകാരം ചികിത്സാ സഹായം ലഭിക്കുന്ന മുപ്പതു രോഗങ്ങൾക്കു പുറമെയുള്ള എല്ലാ രോഗങ്ങൾക്കുമാണ് ആരോഗ്യകിരണം പദ്ധതി. RBSK-ൽ വരാത്ത എല്ലാ രോഗങ്ങൾക്കും ആരോഗ്യകിരണം പദ്ധതിയുടെ കീഴിൽ പതിനെട്ട് വയസ്സിനുതാഴെയുള്ള എല്ലാ കുട്ടികൾക്കും സൗജന്യ ചികിത്സയെന്നുള്ളതാണ് നമ്മൾ ഇതിലൂടെ ലക്ഷ്യമാക്കുന്നത്. 2022 നവംബർ 1 മുതൽ ആരോഗ്യവകുപ്പിന് കീഴിൽ സ്റ്റേറ്റ് ഹെൽത്ത് ഏജൻസി വഴിയാണ് ആരോഗ്യകിരണം പദ്ധതി നടപ്പിലാക്കുന്നത്. എ.പി.എൽ., ബി.പി.എൽ. വ്യത്യാസമില്ലാതെയാണ് പരിഗണന. ഉയർന്ന ചികിത്സ

ചെലവുനേരിടുന്ന കരൾ, വൃക്ക, മജ്ജ എന്നിവയുടെ മാറ്റിവയ്ക്കൽ ഉൾപ്പെടെയുള്ളവയുടെ ചികിത്സാ പദ്ധതികൾ സാങ്കേതിക സമിതിയുടെ അംഗീകാരത്തോടെ....... നമ്മൾ ടെക്നിക്കൽ കമ്മിറ്റി രൂപീകരിച്ചു. ഉദാഹരണത്തിന് മജ്ജ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ സ്വകാര്യ മേഖലയിൽ ഇരുപതു-ഇരുപത്തിഅഞ്ചു ലക്ഷം രൂപ ചെലവുവരും. നമ്മൾ എം.സി.സി.-യിൽ (Malabar Cancer Centre) അഞ്ചു ലക്ഷം രൂപയിൽ നടത്തുന്നുണ്ട്. ടെക്നിക്കൽ കമ്മിറ്റി പരിശോധിച്ച് കഴിയുമെങ്കിൽ എം.സി.സി.-യിൽ തന്നെ ചെയ്യുന്നതാണ്. ഇരുന്നൂറോളം ശസ്ത്രക്രിയകൾ വിജയകരമായി മലബാർ ക്യാൻസർ സെന്ററിൽ നടത്തിയിട്ടുണ്ട്. നാളിതുവരെ പദ്ധതിക്കായി 38,577 ഗുണഭോക്താക്കൾക്ക് സൗജന്യ ചികിത്സ നൽകി ആയതുവഴി ചെലവ് ഇനത്തിൽ 32 കോടി രൂപയുടെ സേവനങ്ങൾ സ്റ്റേറ്റ് ഹെൽത്ത് ഏജൻസി വഴി ഗുണഭോക്താക്കൾക്കായി നൽകിയിട്ടുണ്ട്. ഇതുകൂടാതെ ഗുരുതരമായ ശ്രവണ വൈകല്യങ്ങളുള്ള കുഞ്ഞുങ്ങൾക്ക് സൗജന്യ Cochlear implantation

ശസ്ത്രക്രിയ, അനുബന്ധ സേവനങ്ങളായ Auditory-Verbal Therapy (AVT) ഉപകരണങ്ങളുടെ അറ്റകുറ്റപണികൾ process upgradation തുടങ്ങിയവ സൗജന്യമായി ഉറപ്പാക്കുന്ന ലക്ഷ്യത്തോടെയാണ് ശ്രുതി തരംഗം ആരംഭിച്ചത്. ബഹുമാന്യനായ അംഗം ഇവിടെ പറഞ്ഞു അതിലൊന്നുപോലും നടക്കുന്നില്ലെന്നുള്ളത്. അക്കാര്യം വസ്തുതാവിരുദ്ധമാണ്. സ്റ്റേറ്റ് ഹെൽത്ത് ഏജൻസി പദ്ധതി നിർവ്വഹണം കഴിഞ്ഞ വർഷമാണ് ഏറ്റെടുത്തത്. സ്റ്റേറ്റ് ഹെൽത്ത് ഏജൻസി പദ്ധതി നിർവ്വഹണം ഏറ്റെടുക്കുന്ന സന്ദർഭത്തിൽ 52 അപേക്ഷകൾ സർജറി വിഭാഗത്തിലും 495 അപേക്ഷകൾ ഉപകരണങ്ങളുടെ അറ്റകുറ്റപണി വിഭാഗത്തിലും ഒരപേക്ഷ പ്രൊസസ്സർ അപ്ഗ്രഡേഷൻ വിഭാഗത്തിലും തീർപ്പ് കൽപ്പിക്കേണ്ട അപേക്ഷകൾ കേരള സോഷ്യൽ സെക്യൂരിറ്റി മിഷനിൽനിന്നും കൈമാറി SHA-യ്ക്ക് (State Health Agency) ലഭിച്ചിരുന്നു. ഇതിൽ എല്ലാ അപേക്ഷകളിലും തീർപ്പ് കൽപ്പിക്കുകയും അംഗീകാരം ലഭിച്ചവയിലെ സേവനങ്ങൾ ഗുണഭോക്താക്കൾക്ക് ലഭ്യമാകുകയും

ചെയ്തിട്ടുണ്ട്. അതിന്റെ കണക്ക് ചുരുക്കി പറയാം. അംഗീകാരം നൽകിയ 1004 അപേക്ഷകളിൽ സ്റ്റേറ്റ് ഹെൽത്ത് ഏജൻസി അംഗീകാരം നൽകിയിട്ടുണ്ട്. അതിൽ പ്രവർത്തനം പൂർത്തീകരിച്ച അപേക്ഷ 639. ഏതാണ്ടു പത്ത് പതിനഞ്ചു ദിവസത്തിനുള്ളിൽ അപേക്ഷകൾ ലഭിച്ച ബാക്കി 365-ലും ഇപ്പോൾ പ്രോസസ് നടന്നുകൊണ്ടിരിക്കുന്നു. ഒന്നിൽ സർജറി നടക്കുന്നു, അപ്ഗ്രഡേഷൻ നടക്കുന്നു അല്ലെങ്കിൽ മെയിന്റനൻസ് നടക്കുന്നുണ്ട്. ഹൃദ്യം പദ്ധതിവഴി 6261 കുഞ്ഞുങ്ങൾക്കാണ് ശസ്ത്രക്രിയ നടത്തിയിട്ടുള്ളത്. അതുകൂടാതെ കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിക്ക് കീഴിൽ എംപാനൽ ചെയ്ത ആശുപത്രികളെന്ന നിലയിൽ തുടർന്നും ഗുണഭോക്താക്കൾക്ക് സൗജന്യ ചികിത്സ ലഭ്യമാക്കണമെന്ന് ആരോഗ്യവകുപ്പ് സെക്രട്ടറി പ്രൈവറ്റ് ഹോസ്പിറ്റൽ അസോസിയേഷനുമായി നടത്തിയ യോഗത്തിൽ ആവശ്യം മുന്നോട്ടുവച്ചിരുന്നു. 60-40 എന്നുള്ള നിലയ്ക്കാണ് കൊടുക്കുന്നത്. നമുക്ക് നൂറുകോടി രൂപ ധനവകുപ്പ് കഴിഞ്ഞ ആഴ്ച അനുവദിച്ചു - അറുപതു കോടി സർക്കാർ സ്ഥാപനങ്ങൾക്കും

നാൽപ്പതു കോടി സ്വകാര്യ സ്ഥാപനങ്ങൾക്കുമാണ്. ആദ്യമാരാണ് ബിൽ തരുന്നത് അവർക്ക് മുൻഗണന നൽകുകയാണ് ചെയ്യുന്നത്. ഞാൻ രാവിലെ പറഞ്ഞതുപോലെ ഈ വർഷം 444 കോടി രൂപ നമുക്ക് ലഭിച്ചിട്ടുണ്ട്. ബാക്കിയുള്ളതുകൂടി തീർച്ചയായും ലഭ്യമാക്കുന്നതിനുവേണ്ടിയുള്ള പരിശ്രമത്തിലാണ്. മെഡിസെപ്പുമായി ബന്ധപ്പെട്ട കാര്യങ്ങൾ ധനവകുപ്പ് പൂർണ്ണമായും ചെയ്യുന്നതാണ്. അത് തീർച്ചയായും ബഹുമാനപ്പെട്ട ധനകാര്യവകുപ്പ് മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താം. കേന്ദ്ര വിഹിതം ലഭ്യമാകാത്ത സാഹചര്യത്തിൽ നമ്മുടെ നയത്തെ മുൻനിർത്തി പരമാവധി സൗജന്യ ചികിത്സ എന്ന ലക്ഷ്യത്തോടെ മുന്നോട്ടുപോകുകയാണ്. അതിനിടയിൽ സർക്കാരിനുണ്ടാകുന്ന സാമ്പത്തിക പ്രയാസങ്ങൾ പരമാവധി സിസ്റ്റത്തിൽ പ്രതിഫലിക്കാതിരിക്കുന്നതിനുവേണ്ടിയാണ് നോക്കുന്നത്.

## 10. പയ്യന്നൂർ മൾട്ടി പർപ്പസ് സ്റ്റേഡിയം നിർമ്മാണം

ശ്രീ. ടി. ഐ. മധുസൂദനൻ: സർ, പയ്യന്നൂർ മൾട്ടി പർപ്പസ് സ്റ്റേഡിയം നിർമ്മിക്കുന്നതിനായി KIIFB-ൽനിന്ന് 14.4 കോടിരൂപയുടെ സാമ്പത്തിക അനുമതി ലഭിക്കുകയും 2021 ഫെബ്രുവരി മാസം പ്രവൃത്തി ആരംഭിക്കുകയും ചെയ്തതാണ്. പന്ത്രണ്ട് മാസമായിരുന്നു പൂർത്തീകരണ കാലാവധി. കൊവിഡ് സമയത്തെ ലോക്ഡൗൺ വിഷയങ്ങൾ ചൂണ്ടിക്കാണിച്ച് പിന്നീട് 2023 ജനുവരിവരെ കാലാവധി നീട്ടി നൽകുകയുണ്ടായി. തുടർന്ന് KIIFB-യുടെ സൈറ്റ് സന്ദർശനവേളയിൽ പദ്ധതിയുടെ ഫൗണ്ടേഷൻ റീ ഡിസൈൻ ചെയ്യണമെന്ന് ആവശ്യപ്പെട്ടു. KIIFB സ്റ്റോപ് മെമ്മോ നൽകിയതിനാൽ നിർമ്മാണം നിർത്തിവയ്ക്കുന്ന നിലയുണ്ടായി. മണ്ണിടിഞ്ഞുകൂടാൻ സാധ്യതയുള്ള പ്രദേശമായതിനാലാണ് ഫൗണ്ടേഷൻ റീഡിസൈൻ ചെയ്യാൻ KIIFB നിർദ്ദേശിച്ചത്. പത്തുശതമാനം പ്രവൃത്തികൾ പൂർത്തീകരിച്ച ഘട്ടത്തിലാണ് 2022 ഒക്ടോബറിൽ പ്രവൃത്തി നിർത്തിവയ്ക്കുന്ന സ്ഥിതി സംജാതമായത്. സോയിൽ ടെക്സ്റ്റ് വീണ്ടും നടത്തുന്നതിനായി KITCO കോഴിക്കോട് NIT വിദഗ്ധരെ ചുമതലപ്പെടുത്തി. NIT റിപ്പോർട്ട് 2022 നവംബർ 22-ന്

ലഭിച്ചുയെന്നാണ് KITCO തന്നെ പറഞ്ഞിട്ടുള്ളത്. എന്നാൽ പുതിയ സോയിൽ ടെക്സ്റ്റ് പ്രകാരം ഡിസൈൻ പുതുക്കി KIIFB-ൽനിന്നും അംഗീകാരം വാങ്ങുന്നതിന് വലിയ കാലതാമസം ആണ് വന്നത്. KITCO KIIFB-യെയും KIIFB KITCO-യെയും പരസ്പരം കുറ്റംപറഞ്ഞ് വിലപ്പെട്ട സമയം നഷ്ടപ്പെടുത്തുന്ന സ്ഥിതിയാണ് നിലവിലുള്ളത്. സാങ്കേതിക പ്രശ്നങ്ങൾ കൂട്ടായി ചർച്ച ചെയ്ത് പരിഹരിച്ച് പ്രവൃത്തി പുന:രാരംഭിക്കാൻവേണ്ടി എം.എൽ.എ.-യെന്ന നിലയിൽ ആവശ്യപ്പെട്ടതുപ്രകാരം ഉദ്യോഗസ്ഥതലത്തിലും മന്ത്രിതലത്തിലും പലതവണ യോഗങ്ങൾകൂടി. എങ്കിലും പദ്ധതി പുന:രാരംഭിക്കാൻ ഇതുവരെ കഴിഞ്ഞിട്ടില്ല. അവസാനം 2024 മെയ് 20-ന് KIIFB CEO-യുടെ സാന്നിദ്ധ്യത്തിൽ യോഗം ചേർന്നു. പുതുക്കിയ എല്ലാ രേഖകളും സഹിതം Project Execution Document വീണ്ടും സമർപ്പിച്ചാൽ മാത്രമേ PAD അംഗീകരിക്കുകയുള്ളൂയെന്ന് KIIFB KITCO-യോട് പറയുകയുണ്ടായി. സോയിൽ ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് KIIFB അംഗീകരിച്ച്, ഡിസൈൻ, ഒറിജിനൽ റേറ്റ്, deviation statement എന്നിവ KITCO സമർപ്പിക്കണമെന്നും അതിനുശേഷം കരാർ ഫോർക്ലോസ്സ് ചെയ്ത്

ബാലൻസ് പ്രവൃത്തികൾ റീ ടെണ്ടർ ചെയ്യണമെന്നും KIIFB KITCO-യോട് നിർദ്ദേശിച്ചു. ജ്ലൂൺ 20 KITCO പറഞ്ഞിട്ടുള്ള സമയമാണ്. ഈ തീയതി കഴിഞ്ഞിട്ടും ഒരു പുരോഗതിയും ഉണ്ടായിട്ടില്ലയെന്നതാണ് അവസ്ഥ. ആയതിനാൽ ഈ പ്രവൃത്തി നടത്താൻ KITCO-യ്ക്ക് കഴിയുന്നില്ലെങ്കിൽ SPV-യെ മാറ്റിയെങ്കിലും പദ്ധതി യാഥാർത്ഥ്യമാക്കാൻ ആവശ്യമായ ഇടപ്പെടൽ വകുപ്പിന്റെ ഭാഗത്തുനിന്നും ഉണ്ടാകണമെന്നാണ് ആവശ്യപ്പെടുന്നത്.

ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ): സർ, നമ്മുടെ സംസ്ഥാനത്ത് KITCO ഏറ്റെടുത്ത നിരവധി പ്രവൃത്തികളിൽ ഈ ഒരു പ്രശ്നം നിലനിൽക്കുകയാണ്. 05-05-2018-ലെ സർക്കാർ ഉത്തരവ് 81/2018 പ്രകാരം പയ്യന്നൂർ ഫുട്ബോൾ സ്റ്റേഡിയവും പയ്യന്നൂർ മുനിസിപ്പൽ സ്റ്റേഡിയവും നിർമ്മിക്കുന്നതിനായി പത്തുകോടി രൂപ വീതമുള്ള ഭരണാനുമതി നൽകിയിരുന്നു. 12-11-2018-ലെ ഉത്തരവ് പ്രകാരം KIIFB-ൽനിന്നും 13.14 കോടി രൂപയുടെ സാമ്പത്തിക അനുമതിയും ലഭിച്ചിരുന്നു. പദ്ധതിയുടെ SPV-യായി KITCO-യെയാണ് ചുമതലപ്പെടുത്തിയിരുന്നത്. KITCO ടി പ്രവൃത്തിയുടെ ടെണ്ടർ ക്ഷണിക്കുകയും

05-02-2021-ൽ Lee Builders-മായി കരാറിലേർപ്പെടുകയും പത്തുശതമാനത്തോളം പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്തിരുന്നു. ഈ സ്റ്റേഡിയം പ്രൊജക്ടിന്റെ ഡിസൈൻ അപ്രൂവൽ KIIFB-ൽനിന്ന് ലഭിച്ചതിനുശേഷം പൈലിംഗ് പ്രവൃത്തികൾ പുരോഗമിക്കുന്നതിനിടെ KIIFB-യുടെ ഇൻസ്പെക്ഷൻ നടക്കുകയും ഇതേ സമയം ഭാരമേറിയ വാഹനം സമീപ റോഡിലൂടെ കടന്നുപോകുമ്പോൾ കൺസ്ട്രക്ഷൻ ഗ്രൗണ്ടിൽ വൈബ്രേഷൻ ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെടുകയും ചെയ്തു. അതിൻപ്രകാരം കൂടുതൽ വിശദമായ പഠനം ആവശ്യമുണ്ടെന്ന് SPV-യ്ക്ക് നിർദ്ദേശം നൽകുകയും KIIFB സ്റ്റോപ്പ് മെമ്മോ പുറപ്പെടുവിക്കുകയും ചെയ്തതിനാലാണ് നിർമ്മാണം നിർത്തിവച്ചത്. മണ്ണ് അടിഞ്ഞുകൂടാൻ സാധ്യതയുള്ള പ്രദേശമായതിനാലാണ് ഫൗണ്ടേഷൻ റീഡിസൈൻ KIIFB നിർദ്ദേശിച്ചത്. KITCO ചെയ്ത സോയിൽ ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് വീണ്ടും പരിശോധിക്കുന്നതിനായി അവർ തന്നെ കോഴിക്കോട് NIT-യെ സമീപിക്കുകയും NIT-യിൽനിന്നും ലഭിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഫൗണ്ടേഷൻ റീഡിസൈൻ ചെയ്ത് KIIFB-യുടെ അംഗീകാരത്തിന് സമർപ്പിച്ചിട്ടുണ്ടെന്ന് KITCO അറിയിച്ചിട്ടുള്ളതാണ്.

KITCO ചെയ്ത സോയിൽ ഇൻവെസ്റ്റിഗേഷനിൽ ചില ഘടകങ്ങൾ ഉൾപ്പെടാത്തതിനാൽ പ്രസ്തുത റിപ്പോർട്ട് NIT കോഴിക്കോടിന് സമഗ്രമായിട്ടുള്ള റിപ്പോർട്ട് നൽകുവാൻ കഴിഞ്ഞിട്ടില്ലയെന്നും ആയതിനാൽ പുതിയ മണ്ണ് പരിശോധന നടത്തുവാൻ KIIFB KITCO-യോട് ആവശ്യപ്പെടുകയും ചെയ്തു. എന്നാൽ പ്രസ്തുത നിർദ്ദേശം അനുസരിച്ച് KITCO പുതിയ മണ്ണ് പരിശോധന നടത്തിയതായി റിപ്പോർട്ട് ചെയ്തിട്ടില്ല. 13-03-2024-ന് പുതിയ ഡിസൈൻ പ്രകാരം പുതുക്കിയ revised estimate സ്പോർട്ട്സ് കേരള ഫൗണ്ടേഷനിലേയ്ക്ക് ഇ-മെയിൽ ചെയ്തിരുന്നു. എന്നാൽ KIIFB-യുടെ നിർദ്ദേശമനുസരിച്ച് വീണ്ടും മണ്ണ് പരിശോധന നടത്താതെ തയ്യാറാക്കിയ എസ്റ്റിമേറ്റാണ് അനുമതിക്കായി Technical Sanction Committee-ക്ക് മുമ്പിൽ വച്ചിട്ടുള്ളത്. ഈ എസ്റ്റിമേറ്റിന്റെ കൂടെ അത് പരിശോധിക്കുന്നതിന് ആവശ്യമായ architectural drawings അടക്കമുള്ള ഒന്നും തന്നെ സമർപ്പിച്ചിട്ടില്ല. 20-05-2024- ൽ കിഫ്ബി ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ KITCO സമർപ്പിച്ച ഫൗണ്ടേഷൻ റീഡിസൈനിനോടൊപ്പം പ്രസ്തുത സ്ഥലത്തിന്റെ പുതുക്കിയ മണ്ണ് പരിശോധന റിപ്പോർട്ടുകൂടി സമർപ്പിക്കുവാൻ വീണ്ടും

നിർദ്ദേശിച്ചിരുന്നു. KITCO പ്രസ്തുത റിപ്പോർട്ട് KIIFB project execution document വിഭാഗത്തിന് സമർപ്പിച്ചാൽ മാത്രമേ ടി പ്രവൃത്തിയുടെ ഫൗണ്ടേഷൻ ഡിസൈൻ കിഫ്ബി പരിശോധിച്ച് അനുമതി നൽകാൻ സാധിക്കുകയുള്ളൂ. 20-05-2024-ലെ കിഫ്ബിയുടെ മീറ്റിംഗിൽ നിർദ്ദേശം നൽകിയിരുന്നെങ്കിലും പുതുക്കിയ മണ്ണ് പരിശോധന നടത്താതെയുള്ള പഴയ ഡ്രോയിംഗും എസ്റ്റിമേറ്റിന്റെ ഹാർഡ് കോപ്പിയും KITCO 24-05-2024-ൽ വീണ്ടും സമർപ്പിക്കുകയാണുണ്ടായത്. KIIFB നിർദ്ദേശമനുസരിച്ച് പുതുക്കിയ മണ്ണ് പരിശോധന നടത്തി അതിന് അനുസൃതമായ ഡിസൈൻ ചെയ്ത് KIIFB-ക്ക് നൽകി PAD അംഗീകാരം എടുത്താൽ മാത്രമേ പുതുക്കിയ എസ്റ്റിമേറ്റ് Technical Sanction Committee-ക്ക് മുമ്പാകെ വയ്ക്കാൻ സാധിക്കുകയുള്ളൂ. കിഫ്ബിയുടെ നിർദ്ദേശ പ്രകാരം ആവശ്യമായ രേഖകളും റിപ്പോർട്ടും സമർപ്പിക്കുന്നതിന് KITCO വരുത്തിയ കടുത്ത അനാസ്ഥയാണ് പ്രവൃത്തി വീണ്ടും നീണ്ടുപോകുന്നതിനുള്ള കാരണം. NIT കോഴിക്കോട് മുഖേന നടത്തിയ പഠനം വേറെ ഏജൻസി മുഖേന ഒന്നുകൂടി നടത്തണമെന്ന് കിഫ്ബി നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ KITCO ടെണ്ടർ വിളിച്ചെന്നാണ്

അറിയിച്ചത്. Total settlement അടക്കം എല്ലാ പാരാമീറ്ററുകളും പുനഃപരിശോധന നടത്തണമെന്നും soil investigation report, KIIFB അംഗീകരിച്ച ഡിസൈൻ, ഓർജിനൽ റേറ്റ് അടങ്ങിയ deviation statement എന്നിവ KITCO സമർപ്പിക്കണമെന്നും അതിനുശേഷം ഫോർക്ലോസ് ചെയ്ത് ബാലൻസ് പ്രവൃത്തികൾ റീ ടെണ്ടർ ചെയ്യണമെന്നും KITCO-ക്ക് കിഫ്ബി നിർദ്ദേശം നൽകിയിട്ടുണ്ട്.